- നവംബർ 25 ഞായറാഴ്ച 8-ാം ക്ലാസ്സിൽ കാറ്റികിസം പഠിക്കുന്ന എല്ലാ കുട്ടികൾക്കും രൂപതാതലത്തിൽ നടത്തപ്പെടുന്ന ഹൊറേബ്ബ് ഫെസ്റ്റ് കത്തീഡ്രൽ പാരിഷ് ഹാളിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

**കൺവെൻഷൻ പ്രേഷിത കൂട്ടായ്മ**

കൺവെൻഷനോടനുബന്ധിച്ച് നവംബർ മാസം 6-ാം തീയതി ഉച്ചകഴിഞ്ഞ് 3.00മണിക്ക് പ്രേഷിത കൂട്ടായ്മ രാമനാഥപുരം കത്തീഡ്രൽ പാരിഷ് ഹാളിൽ വെച്ച് നടത്തപ്പെടുന്നു. ഒരുക്കധ്യാനത്തിൽ പങ്കെടുത്ത എല്ലാ പ്രേഷിതരും, എല്ലാ കോൺവെന്റുകളിലെ മദർ സുപ്പീരിയേഴ്സും, രൂപതാ സംഘടനാ ഭാരവാഹികളും, വളരെ പ്രത്യേകമായി കൺവെൻഷനിൽ പ്രേഷിതവേല ചെയ്യുവാനാഗ്രഹിക്കുന്ന ഓരോ ഇടവകാംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൺവെൻഷനുമായി ബന്ധപ്പെട്ട് വിവിധ കമ്മിറ്റികളുടെ ചുമതല വഹിക്കുന്നവർ കമ്മിറ്റി പ്രവർത്തനങ്ങളുടെ വ്യക്തമായ പ്ലാനിംഗ് മീറ്റിംഗിൽ അവതരിപ്പിക്കത്തവിധം ഒരുങ്ങിവരുമല്ലോ.

# BISHOP'S Engagements



**November 2018:**

05-6 : Batch gathering, Ekm

10 : SABS gathering, Podannur

: Holy Mass, Edayapalayam

11 : Resource team class, Gandhipuram

15 : School committee meeting, Jadayapalayam

17 : Joint Presbyteral council & Pastoral council, Tcr

18 : Holy Communion, Periyanaickampalayam

: Holy Mass, Ramanathapuram

20 : Class Minor seminary

23-25 : Eparchial Bible convention at Ramanathapuram

25 : Horeb Fest for 8th std students at Ramanathapuram

26 : Inter-curia meeting, Palakkad

27 : TRIP Bishops' meeting, Palakkad

28 : Home day Minor seminary, Vadakukad



## From the Bishop's Diary

**നവംബർ 2018**

02 : രാമനാഥപുരത്ത് വെച്ച് നടന്ന രൂപതാ മതബോധനദിനത്തിൽ പൊതുയോഗത്തിൽ അദ്ധ്യക്ഷതവഹിക്കുകയും സെമിനാറിന് നേതൃത്വം വഹിക്കുകയും ചെയ്തു.

: രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ഭാരവാഹികളുടെ മീറ്റിംഗിൽ അദ്ധ്യക്ഷതവഹിച്ചു.

03 - Nov. 04 : Abroad (Europe)

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ മാത്യു വെള്ളാനിക്കൽ

# പുരോഹിതനും പ്രാർത്ഥനാജീവിതവും

## (തിരുവചനഭാഗം: ശ്ലീഹ 9,38-10,48)

ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ പത്രോസ്ശ്ലീഹായുടെ സഭാശുശ്രൂഷ അവതരിപ്പിക്കുന്ന തിരുവചനഭാഗമാണിത്. ഇതുവരെ പത്രോസ് യോഹന്നാനോടൊപ്പമാണ് സഭാജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ ഇവിടെ പത്രോസ് തനിച്ച് ജറുസലേമിനു പുറത്തുള്ള സഭാസമൂഹങ്ങളോടു ബന്ധപ്പെടുന്നതായിട്ടാണ് കാണുന്നത്. അതുപോലെതന്നെ തന്റെ യഹൂദപശ്ചാത്തലത്തെ മറികടന്ന് പത്രോസ് സഭാശുശ്രൂഷ നിർവഹിക്കുന്നതായും കാണുന്നു. ശ്ലീഹന്മാർ പത്രോസിനെ ഔദ്യോഗികമായി സഭാസന്ദർശനത്തിനായി അയച്ചതാണോ എന്നും സംശയിക്കാവുന്നതാണ്.

ഈ സഭാസന്ദർശനവേളയിൽ പത്രോസിന്റെ സഭാശുശ്രൂഷ പ്രാർത്ഥനാനിർഭരമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് അജപാലകരായ വൈദികർക്ക് തങ്ങളുടെ അജപാലനശുശ്രൂഷയുടെ അടിസ്ഥാന സവിശേഷതയായി പ്രാർത്ഥനാജീവിതത്തെ കാണുവാനും മനസ്സിലാക്കുവാനും ഈ വചനഭാഗം സഹായകരമാകും. ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാവുന്നതാണ്.

1. പത്രോസ് ലിദായിലും യോപ്പായിലും (9,32-43)
2. കൊർണേലിയൂസിന്റെ ദർശനം (10,1-8)
3. പത്രോസിന്റെ പ്രാർത്ഥനാനുഭവം (10,9-16)
4. പത്രോസും കൊർണേലിയൂസം തമ്മിൽ കണ്ടുമുട്ടുന്നു (10,17-43)
5. വിജാതീയരുടെ ജ്ഞാനസ്നാനം (10,44-48)

### 1. പ്രാർത്ഥനയും അടയാളങ്ങളും

*"പത്രോസ് ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ ലിദായിലെ വിശുദ്ധരുടെ അടുക്കലെത്തി. അവിടെ ഐനെയാസ് എന്നൊരുവനെ അവൻ കണ്ടുമുട്ടി. അവൻ എട്ടു വർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു. പത്രോസ് അവനോടു പറഞ്ഞു: ഐനെയാസേ, ഈശോമിശിഹാ നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിന്റെ കിടക്ക ചുരുട്ടുക. ഉടൻതന്നെ അവൻ എഴുന്നേറ്റു. ലിദായിലെയും സാറോണിലെയും സകല ജനങ്ങളും അവനെ കണ്ടു കർത്താവിലേക്കു തിരിഞ്ഞു"* (9,32-35).

പത്രോസിന്റെ സഭാസന്ദർശനത്തിന്റെ അവശ്യ ഘടകങ്ങളായി പ്രാർത്ഥനയും അടയാളങ്ങളും കാണപ്പെടുന്നു. ലിദായിൽ ഐനെ

യാസ് എന്നു പേരുള്ള തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ (9,34), യോപ്പായിൽ തബീത്താ എന്നു പേരുള്ള, മരിച്ച ഒരു ശിഷ്യയെ ഉയിർപ്പിക്കുന്നു. ആദിമക്രൈസ്തവസമൂഹത്തിൽ ഇത്തരം അടയാളങ്ങൾ കൂടുതലായി സംഭവിച്ചതായി കാണുന്നുണ്ട്. ഈശോയുടെ ജീവിതകാലത്ത് സംഭവിച്ചതിനു സദൃശ്യമായുള്ള അത്ഭുതങ്ങളാണ് ആദിമസഭയിലും നാം കാണുന്നത്. തളർവാതരോഗിയോട് "ഈശോ നിന്നെ സുഖപ്പെടുത്തുന്നു" (9,34) എന്നുതന്നെ പത്രോസ് പറയുന്നു. 'തബീത്താ' എന്ന ശിഷ്യയുടെ കാര്യത്തിൽ പ്രാർത്ഥിച്ചതിനുശേഷം, ജായ്റോസിന്റെ മകളോട് ഈശോ പറഞ്ഞതുപോലെ "തബീത്താ, എഴുന്നേല്ക്കൂ" (9,40) എന്നു പറയുന്നു. സഭാശുശ്രൂഷകരിലൂടെ ഈശോതന്നെയാണ് സഭയിൽ സന്നിഹിതനായി ശുശ്രൂഷ ചെയ്യുന്നതെന്ന് ഇതു സൂചിപ്പിക്കുന്നു. സഭയിലുള്ള ഈശോയുടെ സജീവസാന്നിദ്ധ്യം മറ്റുള്ളവർക്ക് അനുഭവവേദ്യമാകത്തക്കവിധത്തിലാണ് രോഗശാന്തിശുശ്രൂഷ നിർവഹിക്കേണ്ടതെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

രോഗശാന്തിശുശ്രൂഷ നമ്മുടെ അജപാലനശുശ്രൂഷയുടെ അവശ്യഘടകമാണ്. പക്ഷേ, അതു നിർവഹിക്കേണ്ടത് നിർവഹിക്കുന്ന ആളിന്റെ പ്രത്യേകത കൊണ്ടാണ് എന്ന പ്രതീതി ഉളവാക്കാതെ ഈശോമിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവുംകൊണ്ടാണ് എന്നു ജനങ്ങൾക്കു മനസ്സിലാകത്തക്ക വിധമായിരിക്കണമെന്ന് പത്രോസിന്റെ ഈ പ്രവർത്തനശൈലി നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതു സാദ്ധ്യമാകണമെങ്കിൽ സഭയോടൊത്തു പ്രാർത്ഥനാജീവിതം നയിച്ചുകൊണ്ട് ആ ശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു കഴിയണം. തബീത്തായെ ഉയിർപ്പിക്കുന്നതിനുമുമ്പ് പത്രോസ് മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട് (9,40). സഭയുടെ പ്രാർത്ഥനകൾ ചൊല്ലുകയും അവ ഉപയോഗിച്ച് രോഗശാന്തിശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്യുന്നെങ്കിൽ, അവയിലൂടെ സഭയിലുള്ള കർത്താവിന്റെ സാന്നിദ്ധ്യവും രക്ഷാകരസ്നേഹവും തിരിച്ചറിയുവാനും, കർത്താവിലുള്ള വിശ്വാസത്തിൽ വളരുവാനും അത് സഹായകമാകുമെന്നതിനു സംശയമില്ല.

**2. പ്രാർത്ഥനയും അനുസ്മരണവും**

"*കേസറിയായിൽ കൊർണേലിയൂസ് എന്നൊരാളുണ്ടായിരുന്നു. അവൻ ഇത്താലിക്കെ എന്നു വിളിക്കപ്പെടുന്ന സൈന്യവിഭാഗത്തിലെ ഒരു ശതാധിപനായിരുന്നു. അവനും കുടുംബവും ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു. അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു*" (10,1-2).

കേസറിയ ഒരു യഹൂദേതര നഗരമായിരുന്നു. യഹൂദരല്ലാത്ത ജനതകളോടു സുവിശേഷം പ്രസംഗിക്കുവാനുള്ള സാഹചര്യം ആ നഗരത്തിലുണ്ടായി. കൊർണേലിയൂസ് എന്ന ശതാധിപൻ അതിനുപ

കരണമായിത്തീർന്നു. അയാൾ ദൈവഭയം നിലനിർത്തിയ ആളായിരുന്നു. യഹൂദമതത്തിന്റെ ഏക ദൈവവിശ്വാസവും ധാർമ്മികപ്രമാണങ്ങളും ആകർഷകങ്ങളായി കരുതി അവയെ സ്വീകരിച്ച യഹൂദേതരിൽ ഒരുവനായിരുന്നു അയാൾ. പരിഛേദനം ഏല്ക്കാതെ യഹൂദമതവിശ്വാസവും അതിനോടു ചേർന്നുള്ള ജീവിതക്രമവും അയാൾ പുലർത്തി വന്നു. ആദ്ധ്യാത്മികവും ധാർമ്മികവുമായ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. കുടുംബാംഗങ്ങളെയും അയാൾ ആ തീക്ഷ്ണതയിൽ നിലനിർത്തി. ഒരു ദിവസം പ്രാർത്ഥനയിൽ അയാൾക്ക് ഒരു ദർശനമുണ്ടായി: "നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ നിന്നെ അനുസ്മരിപ്പിച്ചിരിക്കുന്നു" എന്ന സന്ദേശം ലഭിച്ചു. അതേത്തുടർന്ന് യോപ്പായിലേക്ക് ആളയച്ച് പത്രോസ് എന്നു വിളിക്കപ്പെടുന്ന ശെമയോനെ വരുത്താനുള്ള നിർദ്ദേശവും ലഭിച്ചു.

പ്രാർത്ഥന ഒരനുസ്മരണമുൾക്കൊള്ളുന്ന പ്രക്രിയയാണെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തെ അനുസ്മരിക്കുന്നു എന്നതിനെക്കാൾ ദൈവം മനുഷ്യനെ അനുസ്മരിക്കുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന. പഴയനിയമത്തിൽ തോബിത്തിന് സ്വയം വെളിപ്പെടുത്തിക്കൊണ്ട് റഫായേൽ ദൂതൻ ഇപ്രകാരം പറയുന്നു: " നീയും നിന്റെ മരുമകൾ സാറായും പ്രാർത്ഥിച്ചപ്പോൾ നിങ്ങളുടെ പ്രാർത്ഥന പരിശുദ്ധനായവനെ ഞാൻ അനുസ്മരിപ്പിച്ചു. നീ മൃതരെ സംസ്കരിച്ചപ്പോൾ ഞാൻ നിന്നോടൊത്തുണ്ടായിരുന്നു" (തോബിത് 12,12). ദൈവത്തിന്റെ ഈ അനുസ്മരണത്തിന് ഒരു ബലിയർപ്പണസ്വഭാവമുണ്ടെന്ന് ധാന്യബലിയെക്കുറിച്ചുള്ള പഴയനിയമ പരാമർശം വ്യക്തമാക്കുന്നുണ്ട് (ലേവാ 2,2). കൊർണേലിയൂസിന്റെ ദാനധർമ്മജീവിതത്തോടുകൂടിയ പ്രാർത്ഥനയ്ക്കുണ്ടായിരുന്ന അനുസ്മരണത്തിന്റെയും ബലിയർപ്പണത്തിന്റെയും സ്വഭാവം നമ്മുടെ പ്രാർത്ഥനയ്ക്കുമുണ്ടാകണം. പരിശുദ്ധ കുർബാന ഈശോയുടെ ബലിയർപ്പണവും അനുസ്മരണവുമുൾക്കൊള്ളുന്ന ഏറ്റം വലിയ പ്രാർത്ഥനയായതുപോലെ നമ്മുടെ ശുശ്രൂഷാജീവിതവും പ്രാർത്ഥനയും ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പണവും അനുസ്മരണവുമാകണം. പരിശുദ്ധ കുർബാനയിൽ ദൈവം തന്റെ പുത്രന്റെ ബലിയർപ്പണം അനുസ്മരിക്കുന്നതിലൂടെ നമ്മുടെമേൽ കൃപാവരം ചൊരിയുന്നതുപോലെ നമ്മുടെ പ്രാർത്ഥന ദൈവതിരുമുമ്പിലുള്ള അനുസ്മരണമാകുമ്പോൾ, അതുവഴി നമ്മുടെമേൽ ദൈവത്തിന്റെ കൃപാവരം സമൃദ്ധമായി ചൊരിയപ്പെടും. അപ്രകാരമുള്ള ഒരു പ്രാർത്ഥനാജീവിതം പുരോഹിതനുണ്ടാവണം.

**3. പ്രാർത്ഥനയും ദൈവാനുഭവവും**

"*സ്വർഗ്ഗം തുറന്നിരിക്കുന്നതും വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണിലും പിടിച്ച് ഭൂമിയിലേക്ക് ഇറക്കപ്പെടുന്നതും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം നാല്ക്കാലികളും ഇഴജന്തു*

*ക്കളും ആകാശപ്പറവകളും അതിലുണ്ടായിരുന്നു. ഒരു സ്വരവും അവൻ കേട്ടു: പത്രോസേ, എഴുന്നേല്ക്കുക; നീ ഇവയെ കൊന്നു ഭക്ഷിക്കുക. പത്രോസ് പറഞ്ഞു: കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല. രണ്ടാമതും അവൻ ആ സ്വരം കേട്ടു: ദൈവം വിശുദ്ധീകരിച്ചവ മലിനമെന്നു നീ കണക്കാക്കരുത്. മൂന്നു പ്രാവശ്യം ഇങ്ങനെ സംഭവിച്ചു. ഉടൻതന്നെ പാത്രം ആകാശത്തേക്ക് എടുക്കപ്പെടുകയും ചെയ്തു"* (10,11-16).

പത്രോസിനുണ്ടായ പ്രാർത്ഥനാനുഭവമാണ് ഇവിടെ വിവരിക്കുന്നത്. പ്രാർത്ഥന സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ സ്വരം കേൾക്കുന്നതുമായ ദൈവാനുഭവമാണെന്ന് ഈ രംഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോയുടെ മാമ്മോദീസായുടെ സന്ദർഭവും രൂപാന്തരീകരണ സന്ദർഭവും ഇതുപോലെ ഒരു പ്രാർത്ഥനാനുഭവത്തിന്റെ സന്ദർഭമായിട്ടാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുക (ലൂക്കാ 3,21-22; 9,28-36). ഈശോയെക്കുറിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി വെളിപ്പെടുത്തുന്ന സന്ദർഭമായിട്ടാണ് ഈ പ്രാർത്ഥനാനുഭവം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത് (ലൂക്കാ 9,31). പ്രവാചകഗ്രന്ഥങ്ങളിൽ ഇപ്രകാരമുള്ള ദൈവാനുഭവത്തിലൂടെ പ്രവാചകന്മാർക്ക് ഇസ്രായേലിലുള്ള തങ്ങളുടെ പ്രവാചകദൗത്യം വെളിപ്പെടുത്തുന്നതായി കാണുന്നുണ്ട് (എസ 1,1; ജറെ 1,11-15; ആമോസ് 8,1-3). ഇവിടെ പത്രോസിന്, യഹൂദരും വിജാതീയരും ഉൾക്കൊള്ളുന്ന സമൂഹമാണ് സഭ എന്ന വലിയ വെളിപ്പെടുത്തൽ നല്കപ്പെടുകയാണ്. സഭയുടെ ഇന്നത്തെ രീതിയിലുള്ള വളർച്ചയ്ക്കു നിർണായകമായ ഒരു പ്രാർത്ഥനാനുഭവമായിരുന്നു പത്രോസിന്റേത്.

പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സംഭാഷണമാണ്. പലപ്പോഴും പ്രാർത്ഥന ദൈവമനുഷ്യസംഭാഷണമാകാതെ കേവലം മനുഷ്യന്റെ സ്വഭാഷണമായിത്തീരുന്നുണ്ട്. ദൈവത്തെ സംസാരിക്കാൻ അനുവദിക്കാതെ, ദൈവത്തെ കേൾക്കാൻ ശ്രമിക്കാതെ, ദൈവത്തോടു സംസാരിക്കുകമാത്രം ചെയ്യുന്ന ഒരു പ്രക്രിയയായി അതു മാറുന്നുണ്ട്. അതുകൊണ്ട് ശരിയായ ദൈവാനുഭവമുണ്ടാകുന്നില്ല. പ്രാർത്ഥനയിൽ ദൈവത്തിന്റെ സ്വരം കേൾക്കുവാൻ ഇടമുണ്ടാകണം. ദൈവം മുൻകൈ എടുക്കുന്നതും മനുഷ്യൻ ശ്രവിക്കുകയും പ്രത്യുത്തരം നല്കുകയും ചെയ്യുന്ന ഒരു പ്രക്രിയ ആണ് -ആയിരിക്കണം- പ്രാർത്ഥന. അപ്പോൾമാത്രമേ നമ്മുടെ ജീവിതവും പൗരോഹിത്യശുശ്രൂഷയും ദൈവഹിതപ്രകാരമാണെന്ന് നമുക്ക് ഉറപ്പുവരുത്താനാവൂ. ഇപ്രകാരം ശ്രവണത്തിനിടംകൊടുത്തുകൊണ്ട് പ്രാർത്ഥിച്ചാൽ നമുക്ക് ദൈവഹിതം അറിയുവാനാകും. ദൈവാനുഭവത്തോടുകൂടെ പ്രാർത്ഥിക്കുവാനും കഴിയും. അതിന്റെ ഫലമായി ദൈവഹിതപ്രകാരമുള്ള, ദൈവികമായ മാറ്റം നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലുമുണ്ടാകും. യഹൂദാഭിമുഖ്യം മാത്രമുണ്ടായിരുന്ന പത്രോസിന് ഇപ്പോൾ വിജാതീയരോടും ആഭിമുഖ്യമുണ്ടാകുന്നു.

മാനുഷികതയ്ക്ക് അടിമപ്പെടാതെ ദൈവികതയിൽ വളരാനും ദൈവ ത്തോടു ചേർന്നുനിന്ന് ശുശ്രൂഷ ചെയ്യുവാനും ശരിയായ പ്രാർത്ഥന പുരോഹിതനെ സഹായിക്കുന്നു.

**4. പ്രാർത്ഥനയും സുവിശേഷപ്രഘോഷണവും**

*"അവൻ അവരോടു പറഞ്ഞു: മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്. എന്തിനാണ് നിങ്ങൾ എനിക്ക് ആളയച്ചതെന്നു പറയുവിൻ"* (10,28-29).

പത്രോസ് ഒരു യഹൂദനായിരുന്നു. യഹൂദരോട് സുവിശേഷം പ്രസംഗിക്കുകയും അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുക എന്നതായിരുന്നു പത്രോസിന്റെ സുവിശേഷപ്രഘോഷണശൈലി. അതിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടു സ്വീകരിക്കുകയും എല്ലാ ജനതകൾക്കുമുള്ള സുവിശേഷപ്രഘോഷകനായി മാറുകയും ചെയ്തത്, പത്രോസിന്റെ പ്രാർത്ഥനാനുഭവത്തിന്റെ ഫലമായിട്ടാണ്. കൊർണേലിയൂസുമായി കണ്ടുമുട്ടിയപ്പോൾ പത്രോസ് പറഞ്ഞ വാക്കുകൾ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്" (നട 10,28-29).

പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണല്ലോ (ജഛ 4). അജപാലനശുശ്രൂഷകളെല്ലാം ഈ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ്. അജപാലനശുശ്രൂഷയ്ക്ക് പ്രാർത്ഥനാപൂർവം ഒരുങ്ങേണ്ടതുണ്ട്. അതുപോലെ അജപാലനശുശ്രൂഷയ്ക്ക് പൊതുവായ മാർഗ്ഗരേഖ സഭാതലത്തിലും രൂപതാതലത്തിലുമുണ്ടെങ്കിലും അത് ഓരോ ഇടവകയിലും പ്രായോഗികമാക്കേണ്ടത്, അവിടുത്തെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായിട്ടാണ്. അതിന് വിവേചനം ആവശ്യമാണ്. ഈ വിവേചനം നടത്തുവാൻ കഴിയണമെങ്കിൽ ദൈവഹിതം ശ്രവിക്കുന്ന, ദൈവാനുഭവമുൾക്കൊള്ളുന്ന പ്രാർത്ഥനാജീവിതം ആവശ്യമാണ്. പ്രാർത്ഥനയിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ് അജപാലന ശുശ്രൂഷാപരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും അജപാലകർക്കു കഴിയണം.

## 5. പ്രാർത്ഥനയും സുവിശേഷസ്വീകരണവും

*“അതുകൊണ്ട് നിന്നെ വിളിക്കാൻ ഞാൻ ഉടനെ ആളയച്ചു. നീ സൗമനസ്യത്തോടെ ഇവിടെ വരികയും ചെയ്തു. കർത്താവ് നിന്നോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു. ... പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവു വന്നു* ” (10,33.44).

പ്രാർത്ഥനയിലൂടെ സുവിശേഷസ്വീകരണത്തിനൊരുങ്ങിക്കൊണ്ടാണ് കൊർണേലിയൂസ് പത്രോസിനെ കൊണ്ടുവരാൻ ആളയച്ചത്. പത്രോസിനോടുള്ള കൊർണേലിയൂസിന്റെ വാക്കുകൾ അത് വ്യക്തമാക്കുന്നുണ്ട്: “കർത്താവ് നിന്നോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു” (നട 10,33). കൊർണേലിയൂസും കുടുംബവും പത്രോസിനെ കേൾക്കാൻ നിന്നത് ദൈവസന്നിധിയിലാണെന്നത് എടുത്തുപറയുന്നു. കൊർണേലിയൂസിനുണ്ടായ പ്രാർത്ഥനാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടാണ് അയാളുടെ കുടുംബാംഗങ്ങളും ബന്ധുക്കളും അടുത്ത സുഹൃത്തുക്കളും പത്രോസിനെ കേൾക്കാൻ തയ്യാറായി നിന്നത്. പ്രാർത്ഥനാനുഭവമാണല്ലോ ദൈവസാന്നിദ്ധ്യസ്മരണയെ ഉണർത്തുന്നതും വളർത്തുന്നതും. അപ്രകാരം പ്രാർത്ഥനയിലൂടെ ദൈവസ്വരം ശ്രവിക്കുവാൻ തയ്യാറാകുന്ന മനോഭാവം സൃഷ്ടിച്ചുകൊണ്ടാണ് കൊർണേലിയൂസ് തന്റെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പത്രോസ് പ്രഘോഷിക്കുന്ന സുവിശേഷസ്വീകരണത്തിനൊരുക്കിയത്.

പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്നവരെ ഇപ്രകാരം സുവിശേഷസ്വീകരണത്തിനായി ഒരുക്കണം. അത് സാദ്ധ്യമാകണമെങ്കിൽ അവരെ ശരിയായ രീതിയിൽ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ പഠനക്കളരി സഭയുടെ ആരാധനക്രമമാണ് (NMI 34). സഭയുടെ ആരാധനക്രമപ്രാർത്ഥനകൾ നന്നായി ചൊല്ലുവാനും പാടുവാനും ജനങ്ങളെ അഭ്യസിപ്പിക്കണം. സഭയുടെ പ്രാർത്ഥനകൾ ദൈവവചനസാന്നിദ്ധ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് പ്രാർത്ഥിക്കുന്നവരിൽ ശ്രവണമനോഭാവമുളവാക്കുവാൻ അവ സഹായകരങ്ങളാണ്. അതുപോലെതന്നെ നാം പ്രാർത്ഥിക്കുന്നത് മിശിഹായോടും സഭയോടുമൊപ്പമാണെന്ന പ്രതീതിയും അനുഭവവും സഭയുടെ പ്രാർത്ഥനകൾ നമ്മിലുളവാക്കും. വെറും വ്യക്തിപരമായ ആകുലതകളും ചിന്തകളും ഒഴിവാക്കി ദൈവസന്നിധിയിലായിരിക്കുവാനും അവ നമ്മെ സഹായിക്കും. അപ്രകാരം പ്രാർത്ഥനാ പരിശീലനത്തിലൂടെ ദൈവജനത്തെ ഒരുക്കി അവരോടു സുവിശേഷപ്രഘോഷണം നടത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

**ജീവിതസൂചിക**

1. പ്രാർത്ഥനയ്ക്കും രോഗശാന്തിശുശ്രൂഷയ്ക്കും എന്റെ അജപാലനശുശ്രൂഷയിൽ എത്രമാത്രം സ്ഥാനമുണ്ട്?

2. പ്രാർത്ഥനയെ ദൈവതിരുമുമ്പിലുള്ള അനുസ്മരണമാക്കിത്തീർക്കുവാൻ എന്റെ ജീവിതത്തെ ഞാൻ എങ്ങനെ ക്രമീകരിക്കണം?

3. പ്രാർത്ഥന എനിക്ക് ദൈവാനുഭവമായിത്തീരുന്നുണ്ടോ? ദൈവഹിതമനുസരിച്ചാണ് അജപാലനശുശ്രൂഷ നിർവഹിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ അതെന്നെ സഹായിക്കുന്നുണ്ടോ?

4. ശരിയായ സുവിശേഷപ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കും എന്നെ പ്രാപ്തനാക്കുന്ന ഒന്നാണോ എന്റെ പ്രാർത്ഥനാജീവിതം?

5. പ്രാർത്ഥനാപരിശീലനത്തിലൂടെ സുവിശേഷസ്വീകരണത്തിന് ഞാൻ ജനങ്ങളെ ഒരുക്കുന്നുണ്ടോ?

## കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

# സ്നേഹത്തിന്റെ ആനന്ദം

അദ്ധ്യായം 9

ബൈബിൾ വായന : 1 യോഹന്നാൻ 3:11-24

**അതിസ്വാഭാവിക കൂട്ടായ്മയുടെ ഒരു ആദ്ധ്യാത്മികത**

വിവാഹത്തിൽ ദമ്പതികൾ ദൈവത്തിന്റെ കൃപയിൽ വസിക്കുന്നവരാണ്. വിവാഹ കൂട്ടായ്മയുടെ ദൈവാലയത്തിൽ പരിശുദ്ധ ത്രിത്വം സന്നിഹിതമാണ്. ദൈവത്തിന് മഹത്വം ലഭിക്കുന്ന വൈവാഹിക സ്നേഹത്തിൽ അവിടന്ന് അഗാധമായി വസിക്കുന്നു, അതായത് ദൈനംദിനം പ്രയാസങ്ങളിലും, കഷ്ടപ്പാടുകളിലും, ആനന്ദത്തിലും, പ്രതീക്ഷകളിലും കർത്താവിന്റെ സാന്നിധ്യം വസിക്കുന്നു. കുടുംബജീവിതത്തിൽ ഒരു മുഖംമൂടിക്കു പിന്നിൽ ഒളിഞ്ഞിരിക്കാൻ പറ്റില്ല. കുടുംബജീവിതത്തിന്റെ ആദ്ധ്യാത്മികത എന്നാൽ യഥാർത്ഥമായ ആയിരക്കണക്കിന് ഭാവപ്രകടനങ്ങളിൽ നിറഞ്ഞിരിക്കുന്നതാണ്. ദാമ്പത്തിക ആദ്ധ്യാത്മികത എന്നാൽ ദൈവിക സ്നേഹം വസിക്കുന്ന ഉടമ്പടിയുടെ ആദ്ധ്യാത്മികതയാണ്. കുടുംബക്കൂട്ടായ്മയുടെ ഒരു പ്രസാദാത്മക അനുഭവം ദൈനംദിന വിശുദ്ധീകരണത്തിലേക്കും രഹസ്യാത്മക വളർച്ചയിലേക്കുമുള്ള യഥാർത്ഥ പാതയാണ്.

കുടുംബത്തിലെ സാഹോദര്യപരവും കൂട്ടായ്മപരവുമായ കാര്യങ്ങളാണ് കർത്താവുമായുള്ള നേർക്കാഴ്ചയിലേക്ക് എത്തുന്നത്. വചനം

പറയുന്നു തന്റെ സഹോദരനെ വെറുക്കുന്നവൻ ഇരുട്ടിലാണ്. അവൻ ഇരുട്ടിൽ നടക്കുന്നു. അത്തരത്തിലുള്ള വ്യക്തി ദൈവത്തെ അറിയുന്നില്ല. സഹോദരനു നേരെ കണ്ണടയ്ക്കുന്നവൻ, ദൈവത്തിന് നേർക്ക് നമ്മെ അന്ധരാക്കുന്നു. ഇരുണ്ടുപോയ ഒരു ലോകത്തെ സ്ഥിരമായി പ്രകാശിപ്പിക്കുന്ന വെളിച്ചമാണ് സ്നേഹം. ഓരോ മനുഷ്യ വ്യക്തിക്കും ജന്മസിദ്ധമായ ഒരു സാമൂഹിക മാനം ഉണ്ട്. വിവാഹദമ്പതികളും കുടുംബവുമാണ് ഒരു വ്യക്തിയുടെ സാമൂഹികമാനത്തിന്റെ ആദ്യത്തെയും അടിസ്ഥാനപരവുമായ പ്രകാശനം.

**ഉത്ഥാന വെളിച്ചത്തിൽ പ്രാർത്ഥനയിൽ ഒന്നിക്കുന്നു**

കുടുംബം ക്രിസ്തു കേന്ദ്രീകൃതമാകണം. ജീവിതത്തിലെ വേദനയുടേയും പ്രയാസത്തിന്റെയും നിമിഷങ്ങൾ ക്രിസ്തുവിന്റെ കുരിശുമായുള്ള ഐക്യത്തിൽ അനുഭവിക്കാൻ കഴിയണം. ക്രിസ്തുവിന്റെ കുരിശിന്റെ രഹസ്യത്തിൽ പങ്കുചേരുക വഴി ദമ്പതികൾ വിശുദ്ധിയിൽ വളരുന്നു. ആനന്ദത്തിന്റേയും വിശ്രമത്തിന്റേയും ആഘോഷത്തിന്റേയും ലൈംഗീകതയുടെയും നിമിഷങ്ങൾ ഉത്ഥാനത്തിന്റെ പൂർണ്ണജീവനിലുള്ള പങ്കുചേരലാകും.

ഈ പെസഹാത്മകവിശ്വാസം പ്രകാശിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു സവിശേഷമാർഗ്ഗമാണ് കുടുംബപ്രാർത്ഥന. കുടുംബപ്രാർത്ഥനയുടെ ലളിതമായവാക്കുകളിലൂടെ നമ്മുടെ നന്ദികളും യാചനകളും സഹായം ചോദിക്കുവാനും മാദ്ധ്യസ്ഥം തേടുവാനും സാധ്യമാകും.

കുടുംബത്തിലേക്ക് അന്ത്യ അത്താഴവിരുന്നുമായി യേശു വരുന്നു. കുരിശിൽ ദൈവം മനുഷ്യരാശിയുമായി മുദ്രവെച്ച ഉടമ്പടിയാണ് പെസഹാ ഉടമ്പടി. പെസഹാ ഉടമ്പടിയുടെ നവീന മുദ്രയാണ് ദിവ്യബലി. അങ്ങിനെ വിവാഹജീവിതവും ദിവ്യബലിയും ഉറ്റബന്ധമായിവരുന്നു.

ഗാർഹിക സഭ എന്ന നിലയ്ക്ക് വിവാഹ ഉടമ്പടി ജീവിക്കുവാൻ ആവശ്യമായ ശക്തിയും പ്രോത്സാഹനവും ദിവ്യകാരുണ്യ ഭക്ഷണം ദമ്പതികൾക്ക് നൽകുന്നു.

(തുടരും)

**ചോദ്യാവലി**

1. മനുഷ്യന്റെ ജന്മസിദ്ധമായ സാമൂഹികമാനം എവിടെ നിന്ന് ആരംഭിക്കുന്നു?
2. എങ്ങിനെയാണ് കുടുംബജീവിതത്തിൽ പരി. ത്രിത്വത്തിന്റെ സാന്നിധ്യം ഉണ്ടാകുന്നത്?
3. കുടുംബജീവിതത്തിൽ ഏതെല്ലാം പ്രാർത്ഥനകൾക്കാണ് പ്രാധാന്യം നല്കേണ്ടത്?

**ഫാ. ജോർജ്ജ് ചെറുവത്തൂർ**

# ഫാമിലി അപ്പോസ്റ്റലേറ്റ്

- രൂപതയിലെ കുടുംബക്കൂട്ടായ്മ ഭാരവാഹികൾ ഫാ. ജോർജ്ജ് ചെറുവത്തൂരിന്റെയും ആനിമേറ്റർ സി. മോളി ജോസിന്റെയും നേതൃത്വത്തിൽ ഉക്കടം ഹോളിഫാമിലി ഭവനത്തിൽ ഒന്നിച്ചു കൂടു കയും ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടത്താനി രിക്കുന്ന പരിപാടികളെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു.
- പ്രീകാന കോഴ്സ് കുനിയമുത്തൂർ നിർമ്മലമാതാ സ്കൂളിൽ വെച്ച് ഒക്ടോബർ 18, 19, 20 ദിവസങ്ങളിൽ നടത്തപ്പെട്ടു.
- നവംബർ 10-ാം തീയതി ഉക്കടത്തുവെച്ച് വിധവാസംഗമം നടത്തു വാനും ഡിസംബർ 9ന് വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലി കൾ ആഘോഷിക്കുന്നവരെ ആദരിക്കുവാനും തീരുമാനിച്ചു.

**ഫാ. ജോർജ്ജ് ചെറുവത്തൂർ,** ഡയറക്ടർ



# സെമിനാരി വിശേഷം

**20.09.18 :** മൈനർ സെമിനാരി വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ കഴിഞ്ഞ് ബ്രദേഴ്സിന് അവധിക്കാലം ആരംഭിച്ചു.

**24 - 29.09.18 :** ജോസഫ് പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ മൈനർ സെമിനാരിയിൽ രൂപതയിലെ വൈദികർക്ക് വാർഷികധ്യാനം നടന്നു.

**30.09.18 :** സെമിനാരിയിൽ ഉപകാരികളുടെ ദിനം ആചരിച്ചു. വി. കുർബാനയ്ക്ക് ശേഷം മൈനർ സെമിനാരിക്കാരുടെ കലാവിരുന്നും പൊതുമീറ്റിംഗും ഉണ്ടായിരുന്നു.

**02.10.18 :** LSMS സഭാസമൂഹത്തിന്റെ പുതിയ മദർ ജനറാൾ മാദ്രേ വിൻചിൻസ സെമിനാരി സന്ദർശിക്കുവാനെത്തി.

**04.10.18 :** ബ്രദേഴ്സിന് മാസധ്യാനം നടത്തി. മാസധ്യാനത്തിന് സന്ദേശം നല്കിയത് ഇരിങ്ങാലക്കുട രൂപതാംഗമായ ഫാ. വിൽസൺ ആയിരുന്നു.

**09.10.18 :** മേജർ സെമിനാരിയിൽ നിന്ന് ബ്രദേഴ്സ് തങ്ങളുടെ കുഞ്ഞ നുജന്മാരേയും അച്ചന്മാരേയും കാണുന്നതിനായി മൈനർ സെമിനാരി യിൽ വന്നു.

**15.10.18 :** സെമിനാരി കുടുംബം മദർ അൽഫോൻസയ്ക്കും സെമിനാ രിയിൽ റീജൻസി ചെയ്തുകൊണ്ടിരുന്ന ബ്ര. മനീഷിനും യാത്രയയപ്പ് നല്കി.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ

# Mater Dei ICSE School

To make children aware of the difficulties of physically handicapped, they were taken to Mother Theresa 's Peace Home at Tiruppur on 14th September 2018 and a sum of Rs.5000/- was contributed by teachers and students and handed over to the superior of the Home as a token of love and concern for the suffering.

# മദർ തെരേസ പീസ് ഹോം

മദർ തെരേസ പീസ് ഹോമിൽ നിന്നും ആശംസകൾ!

**സ്വാഗതം :** മദർ തെരേസ പീസ് ഹോമിൽ റീജൻസിക്കായി വന്ന ബ്ര. ഫാബിന് ഹൃദ്യമായ സ്വാഗതം നല്കി സ്വീകരിച്ചു. ബ്രദറിന് എല്ലാ വിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഓർക്കാം പ്രാർത്ഥിക്കാം :** മരിച്ചവരെ ഓർക്കുന്ന ഈ മാസത്തിൽ നമ്മെ സഹായിച്ച മരിച്ചുപോയ എല്ലാ ഉപകാരികളേയും ഓർക്കാം, പ്രാർത്ഥിക്കാം.

**കോർകമ്മിറ്റി മീറ്റിങ്ങ് :** ഒക്ടോബർ 8ന് ബഹു. മോൺ. ജോർജ്ജ് നരിക്കുഴി അച്ചന്റെ അദ്ധ്യക്ഷതയിൽ കോർകമ്മിറ്റി മീറ്റിങ്ങ് കൂടി. പീസ് ഹോമിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി.

**സന്ദർശിച്ച പ്രധാന വ്യക്തികൾ**

1. Catechism students & teachers - St. Antony's church, Viswasapuram
2. Mathruvedi members - Holy Trinity Cathedral church, Ramanathapuram
3. Catechism students & teachers - Mount Carmel church, Tirupur
4. Catechism students & teachers - St. Clothilda church, Podanur
5. Fr. Saji Parekkattil - Athani, Angamali

**സെപ്തംബർ മാസത്തിലെ സഹായഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | Mr. Joseph Samuel, Tirupur | 7989/- |
| 2. | Mrs. Govindammal, Tirupur | 500/- |
| 3. | Priya HSP, Erode | 1500/- |
| 4. | Shalini, Erode | 8000/- |
| 5. | Alphonsa Rooban, Erode | 1000/- |
| 6. | Christhu Jyothi Convent, Erode | 2000/- |
| 7. | Jyothi Bhavan Convent, Erode | 500/- |
| 8. | Annai Mary FC Convent, Erode | 1000/- |
| 9. | Reshma Jinu, Coimbatore | 5000/- |
| 10. | Reena Varghese, Coimbatore | 1000/- |

| | | |
|---|---|---|
| 11. | St. George FC Convent, Coimbatore | 10000/- |
| 12. | Vincent De Paul, Coimbatore | 5000/- |
| 13. | C.C. Francis, Coimbatore | 2000/- |
| 14. | Little Flower Convent, Mettupalayam | 2000/- |
| 15. | Good Shepered Convent, Karamadai | 2000/- |
| 16. | Little Flower School staff, Tirupur | 12000/- |
| 17. | Biju Maliekal, Tirupur | 1000/- |
| 18. | Baby Pioneer, Tirupur | 1084/- |
| 19. | Mathruvedi, Mount Carmel church, Tirupur | 2200/- |
| 20. | Pramod Philip, Tirupur | 1400/- |
| 21. | Chiratta Poulose Denny, Tirupur | 3500/- |
| 22. | Jenny M. Mathew, Mannarkad | 5000/- |
| 23. | Rajalingam H., Vanchipalayam | 1000/- |
| 24. | Malathi Vijayan, Coimbatore | 2000/- |
| 25. | Andavar Selvam, Tirupur | 2787/- |
| 26. | Mater Dei ICSE School, Pattanam | 5000/- |
| 27. | Catechis Dep. Holy Trinity Cathedral church, Ramanathapuram | 3500/- |
| 28. | Mr. Joseph M. Matha Nivas, Tirupur | 5000/- |
| 29. | Mathruvedi, Holy Trinity Cathedral church, Ramanathapuram | 10000/- |
| 30. | St. Antony's church, Viswasapuram | 42216/- |
| 31. | Rooban J. Kozhinjampara | 1000/- |
| 32. | Priya, Tirupur | 500/- |
| 33. | Manel Joseph, Coimbatore | 3661/- |
| 34. | Mr. Pramod, Jude Mathew Academy, Namakal | 8000/- |
| 35. | Catechism dep. Mount Carmel church, Tirupur | 1400/- |
| 36. | St. Pauls unit, Mount Carmel church, Tirupur | 5000/- |
| 37. | Ester Maria Marottichal, Thrissur | 6000/- |
| 38. | Fr. Thomas Varakukalayil CMF | 2500/- |
| 39. | Mathew Konothapally, Tirupur | 2000/- |
| 40. | Chandru | 500/- |
| 41. | Shainto Padinjakara Chalakudy | 5336/- |
| 42. | Baby Valparai | 600/- |
| 43. | Raphy Varghese | 5000/- |
| 44. | A well wisher | 5000/- |
| 45. | Jiya John Anandapuram (for construction) | 10000/- |



# വിശ്വാസപരിശീലനം

**Retreat :** നവംബർ 4ന് മതാദ്ധ്യാപകർക്കുള്ള One day Retreat രാമനാഥപുരം കത്തീഡ്രലിൽ വച്ച് രാവിലെ 9.00 മതൽ ഉച്ചകഴിഞ്ഞ് 4.00 വരെ നടത്തപ്പെടുന്നു. എല്ലാ മതാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നതോടൊപ്പം കൂടുതൽ ആത്മീയ ഉണർവ്വ് സ്വന്തമാക്കട്ടെയെന്ന് ആശംസിക്കുന്നു. എല്ലാ മതാദ്ധ്യാപകർക്കും വി. ചാൾസ് ബൊറോമിയയുടെ മദ്ധ്യസ്ഥതയിൽ ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു. ഇന്നേദിവസം വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് അവധിയായിരിക്കും.

**Re-Exam :** നവംബർ 11ന് X, XII ക്ലാസ്സിലെ കുട്ടികൾക്ക് Re-exam നടത്തപ്പെടുന്നു. ചോദ്യപേപ്പർ ആവശ്യമുള്ളവർ നവംബർ 2-ാം തീയതിക്കുള്ളിൽ ഓഫീസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**മീറ്റിംഗ് :** ഈ വർഷത്തെ രൂപതാ പി.ടി.എ. മീറ്റിംഗ് നവംബർ 18ന് ഉക്കടത്ത് വച്ച് 2.00pm മുതൽ 4.00pm വരെ നടത്തപ്പെടുന്നു. എല്ലാ യൂണിറ്റിലെയും പി.ടി.എ. അംഗങ്ങൾ നിർബന്ധമായും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**Horeb Fest :** നമ്മുടെ രൂപതയിൽ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി നവംബർ 25ന് രാമനാഥപുരം ഹോളിട്രിനിറ്റി കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നു. Horeb Fest ൽ എല്ലാ 8-ാം ക്ലാസ്സ് വിദ്യാർത്ഥികളും നിർബന്ധമായും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സമയം : രാവിലെ 9.00ന് രജിസ്ട്രേഷൻ, 9.30 മുതൽ 3.30 വരെ ക്ലാസ്സ്. കഴിഞ്ഞവർഷത്തെപ്പോലെ absent ഉണ്ടാകാതിരിക്കാൻ ബഹു. വികാരിയച്ചന്മാർ നിർബന്ധമായും കുട്ടികളെ പറഞ്ഞുവിടുന്നകാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.
ഇന്നേദിവസം രൂപതാ ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു. വിശ്വാസ പരിശീലന ക്ലാസ്സുകൾക്ക് അവധിയായിരിക്കും.

**IInd Mid Term Exam :** ഡിസംബർ 2ന് I മുതൽ XII വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് IInd Mid Term Exam നടത്തപ്പെടുന്നു.

**ലോഗോസ് ക്വിസ് :** ലോഗോസ് ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ. Online ൽ ബുക്ക് ചെയ്ത A, B, C, D, E, F വിഭാഗങ്ങളിൽ Ist, IInd, IIIrd നേടിയവരുടെ റാങ്ക് ലിസ്റ്റും, ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയവരുടെ ലിസ്റ്റും ഇതോടൊപ്പം താഴെ ചേർക്കുന്നു.

**KCBC LOGOS QUIZ 2018 FINAL RESULT**

**DEPARTMENT OF CATECHISM DIOCESE OF RAMANATHAPURAM**

| NAME | GROUP | MARKS | PARISH | |
|---|---|---|---|---|
| ALPHONSA SHINE | A | 72 | TRICHY | FIRST |

| | | | | |
|---|---|---|---|---|
| ANUGRAHA BENNY | **B** | **85** | VALPARAI | FIRST |
| SR. ANJALA THERESE | **C** | **92** | UKKADAM | FIRST |
| AJEENA RAJAN | **C** | **86** | P.N.PALAYAM | SECOND |
| SR MERIN PAUL C | **C** | **83** | ERODE | THIRD |
| PREESHA | **C** | **83** | RAMANATHAPURAM | THIRD |
| SAJANA RAFFI | **D** | **94** | POLLACHI | FIRST |
| FRINI JAISON | **D** | **92.5** | UKKADAM | SECOND |
| C. M. ASHA | **D** | **91.5** | KAVUNDAMPALAYAM | THIRD |
| ROSY CHANDY | **E** | **94** | SAIBABA COLONY | FIRST |
| SR ARPITHA CHF | **E** | **89** | POLLACHI | SECOND |
| ALICE SUNNY | **E** | **84** | VISWASAPURAM | THIRD |
| SR. MERLIN. F.C.C | **E** | **84** | ERODE | THIRD |
| REETA PAULSON | **E** | **84** | METTUPALAYM | THIRD |
| MATHEW. K. M | **F** | **91** | RAMANATHAPURAM | FIRST |
| V. O. SCARIAH | **F** | **90** | UDUMALPET | SECOND |
| SEBASTIAN J ALAPPAT | **F** | **87** | SAIBABA COLONY | THIRD |

**Logos Quiz -2018 Toppers List**

| S No | Name | Group | Marks | Church |
|---|---|---|---|---|
| **A-B** | **Group Toppers** | | | |
| 1. | Alphonsa Shine | A | 72 | Trichy |
| 2. | Anugraha Benny | B | 85 | Valparai |
| **C Group Toppers** | | | | |
| 1. | Sr. Anjala Therese | C | 92 | Ukkadam |
| 2. | Jincy. K. J Chowallor | C | 80 | Ukkadam |
| 3. | Sr. Tincy Mathew | C | 79 | Ukkadam |
| 4. | Minu Paulson | C | 75 | Athipalayam |
| 5. | Anugraha T Shaju | C | 74 | Saibaba |
| 6. | Linda Tom | C | 73 | Erode |
| 7. | Sr. Fegy | C | 71 | Ramanathapuram |
| 8. | A.leema Rose | C | 71 | Alvernia |
| 9. | Reshma Lazer | C | 71 | Mettupalayam |
| 10. | Preesha. E (Angel) | C | 83 | Ramanathapuram |
| 11. | Sr Merin Paul | C | 83 | Erode |
| 12. | Ajeena Rajan | C | 86 | P.n. Palayam |
| **D Group Toppers** | | | | |
| 1. | Sajana Raffi Thattilmandi | D | 94 | Pollachi |
| 2. | Frini Jaison | D | 92.5 | Ukkadam |
| 3. | C. M. Asha | D | 91.5 | Kavundampalayam |
| 4. | Beena Antony | D | 91 | Podanur |
| 5. | Romiyo Alosious | D | 91 | Gandhipuram |
| 6. | Leena Jomy | D | 91 | Sulur |
| 7. | Sr. Tessy Maria | D | 90 | Karamadai |
| 8. | Saimy Biju | D | 89 | Pollachi |
| 9. | Joly Saju | D | 87 | Pollachi |

| | | | | |
|---|---|---|---|---|
| 10. | Bindhu Biju | D | 87 | Salem |
| 11. | Joy. K. P | D | 87 | R.s. Puram |
| 12. | Baby Davis | D | 86 | Athipalayam |
| 13. | Sr. Anjana. CHF | D | 86 | Suleswaranpatty |
| 14. | Litty Pious | D | 85 | Sulur |
| 15. | Deepa Biju | D | 85 | Gandhipuram |
| 16. | Sr. Anjali CMC | D | 85 | Viswasapuram |
| 17. | Smitha. K. J | D | 85 | R.s. Puram |
| 18. | Nirmala Joseph | D | 84 | Gandhipuram |
| 19. | Sini Benny | D | 84 | Valpara |
| 20. | Sr. Piusha. FCC | D | 84 | Mettupalayam |
| 21. | Sr. Litty Francis. S.k.d | D | 84 | Annur |
| 22. | Usha Jose K.j | D | 84 | R.s.puram |
| 23. | Sr. Vijaya. CHF | D | 83 | Pollachi |
| 24. | Lincy Vinita | D | 83 | Saibaba Colony |
| 25. | Jessy Jose Panakkal | D | 83 | Kuniamuthur |
| 26. | Leni Linto | D | 83 | R.s. Puram |
| 27. | Sindhu Roy | D | 83 | Erode |
| 28. | Sr. Naveena. FCC | D | 82 | Erode |
| 29. | Litty Joshi | D | 82 | R.s. Puram |
| 30. | Sr. Maria Pushpam FCC | D | 82 | Ramanathapuram |
| 31. | Sr. Sayujya CMC | D | 82 | Viswasapuram |
| 32. | Sr. Maggie Araekal. CHF | D | 82 | Salem |
| 33. | Rosy Pudussery | D | 82 | Mettupalayam |
| 34. | Linda Raju | D | 81 | Viswasapuram |
| 35. | Deena Shaju Thekkinedath | D | 81 | Saibaba Colony |
| 36. | Jessy Sunil | D | 81 | Edayapalayam |
| 37. | Anju Shinu | D | 80 | Trichy |
| 38. | Sr. Margaret FCC | D | 80 | Karur |
| 39. | Shaija Joy | D | 80 | R.s. Puram |
| 40. | Sheela Anto Anthikad | D | 79 | Trichy |
| 41. | Sr. Alphonsa. SKD | D | 79 | Annur |
| 42. | Sr. Josephine. F.CC | D | 79 | Erode |
| 43. | Silby. K. A Mechery | D | 79 | Erode |
| 44. | Mini Biju | D | 79 | Erode |
| 45. | Biju Peter | D | 78 | Erode |
| 46. | Sr. Soumya Franu's | D | 78 | Trichy |
| 47. | Vilby Varghese Kodiyan | D | 78 | Saibaba Colony |
| 48. | Jessy Johnson | D | 78 | Ramanathapuram |
| 49. | Reena Justin | D | 78 | Kuniamuthur |
| 50. | Nishi Thomas | D | 77 | Kuniamuthur |
| 51. | Seethu Sachin | D | 77 | Udumalpet |
| 52. | Soji Samkutty | D | 77 | Salem |
| 53. | Rini Subash | D | 77 | Salem |
| 54. | Saraha David | D | 77 | R.s. Puram |
| 55. | Geegamma | D | 76 | Kuniamuthur |
| 56. | Sumy Binny Parayil | D | 76 | Edayapalayam |

| | | | | |
|---|---|---|---|---|
| 57. | Jijo. P. J | C | 76 | Podanur |
| 58. | Anna Sunny Vadakemuriyil | D | 76 | Athipalayam |
| 59. | Tina Santhosh | D | 76 | Kavundampalayam |
| 60. | Sr. Vimala CMC | D | 75 | Viswasapuram |
| 61. | Sr. Sudeepa (Soby Paulose) | D | 75 | Viswasapuram |
| 62. | Mary Savithiri | D | 75 | Valpara |
| 63. | Jomol Vinod | D | 75 | Salem |
| 64. | Sr. Joveena. CHF | D | 75 | Salem |
| 65. | Vimmy Babu | D | 74 | Salem |
| 66. | Sr. Naveena Paul. CHF | D | 74 | Salem |
| 67. | Prija Rajesh | D | 74 | Podanur |
| 68. | Shaly Stephen | D | 74 | Palladam |
| 69. | Ajimol Antony | D | 74 | Gandhipuram |
| 70. | Sr. Rita Raphael | D | 74 | Karur |
| 71. | Sr. Liji | D | 74 | Erode |
| 72. | Aity John | D | 73 | Pollachi |
| 73. | Mary Thomas | D | 73 | Kavundampalayam |
| 74. | Sr. Deepthi. FCC | D | 73 | Karamadai |
| 75. | Sr. Reena Raphael. FCC | D | 73 | Kangayam |
| 76. | Sr. Cicy | D | 73 | Kangayam |
| 77. | Seena Francis | D | 72 | Kavundampalayam |
| 78. | Ligi Lison | D | 72 | Podanur |
| 79. | Sr. Roshni Joseph. SKD | D | 72 | Annur |
| 80. | Sr. Maria Grace | D | 72 | Erode |
| 81. | Shilly Shaju | D | 71 | Tirupur |
| 82. | Rose Stella Kanisseri | D | 71 | Suleswaranpatty |
| 83. | C. Saalidevassya. SKD | D | 71 | Annur |
| 84. | C. Bincy Paul. FCC | D | 71 | Erode |

**E Group Toppers**

| | | | | |
|---|---|---|---|---|
| 1. | Rosy Chandy Pallivathukkal | E | 94 | Saibaba Colony |
| 2. | Sr Arpitha CHF | E | 89 | Pollachi |
| 3. | Alice Sunny | E | 84 | Viswasapuram |
| 4. | Sr. Merlin. F.CC | E | 84 | Erode |
| 5. | Reeta Paulson | E | 84 | Mettupalayam |
| 6. | Shoba Sunny | E | 82 | Kaudampalayam |
| 7. | Sr. Lisieux FCC | E | 82 | Palladam |
| 8. | Annamma Francis | E | 81 | Podanur |
| 9. | Thomas. K. D Kottaparambil | E | 79 | Athipalayam |
| 10. | Shiny Anto.K | E | 79 | Athipalayam |
| 11. | Alphonsa Jose | E | 78 | Edayapalayam |
| 12. | Sr. Flory Joseph | E | 77 | Mettupalayam |
| 13. | Sr Serene | E | 76 | Viwasapuram |
| 14. | Annie Vincent Chakkalackal | E | 74 | Saibaba Colony |
| 15. | Elsy John | E | 74 | R.s. Puram |
| 16. | Sr Mary Angel FCC | E | 74 | Alvernia |
| 17. | Sr. Roseela | E | 73 | Palladam |
| 18. | Valsa | E | 72 | Annur |
| 19. | Elizabeth | E | 72 | Erode |

| | | | | |
|---|---|---|---|---|
| 20. | Roy. T. J Thrissokaran | E | 72 | Erode |
| 21. | Sr Jane Fcc | E | 72 | Thottipalayam |
| 22. | K. G. Stanley | E | 71 | Kuniamuthur |

**F Group Toppers**

| | | | | |
|---|---|---|---|---|
| 1. | Mathew. K. M Kumpalatin | F | 91 | Ramanathapuram |
| 2. | V. O. Scariah Kattakal | F | 90 | Udumalpet |
| 3. | Sebastian J Alappat | F | 87 | Saibaba Colony |
| 4. | Amini Kochapu | F | 86 | Sulur |
| 5. | Sr. Alphonsa | F | 83 | Kuniamuthur |
| 6. | Sr Mary Porus | F | 81 | Pollachi |
| 7. | Sr. Lucella CMC | F | 80 | Viswasapuram |
| 8. | Lonappan | F | 76 | Podanur |
| 9. | Sr. Mary Vinsy | F | 75 | Kangayam |
| 10. | Elsy Sebastian Alapatt | F | 75 | Saibaba |
| 11. | Sr. Joseph Labre. FCC | F | 72 | Erode |
| 12. | Valsa Jose | F | 71 | Ramanathapuram |
| 13. | Sr. Vigi CMC | F | 71 | Udumalpet |
| 14. | Philomina Lonappan | F | 78 | Podanur |

**നന്ദി :** ഒക്ടോബർ 2-ാം തീയതിയിലെ രൂപതാ മതബോധനദിനം ഭംഗിയാക്കാൻ സഹായിച്ച ഓരോ യൂണിറ്റിലെയും ബഹു. ഡയറക്ടർമാർക്കും പ്രധാനാദ്ധ്യാപകർക്കും ടീച്ചേഴ്സിനും കുട്ടികൾക്കും ഒരുപാട് നന്ദി. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**Common Valuation :** X, XII ക്ലാസ്സിലെ കുട്ടികളുടെ Paper Valuation നടത്താൻ നല്ലമനസ്സ് കാണിച്ച ഗാന്ധിപുരം ഫൊറോനയിലെ എല്ലാ ടീച്ചേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു. ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**Arts Competiton :** ഒക്ടോബർ 19ന് നടന്ന Faith Fest ൽ സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. ഇതിനുവേണ്ടി കുട്ടികളെ ഒരുക്കിയ മതാദ്ധ്യാപകർക്കും യൂണിറ്റ് ഡയറക്ടർമാർക്കും പ്രത്യേകം നന്ദി. ഇതിന്റെ വിജയത്തിനുവേണ്ടി സഹായസഹകരണങ്ങൾ നൽകിയ എല്ലാവരേയും പ്രത്യേകം ഗാന്ധിപുരം മേരി റാണി സ്കൂൾ അധികൃതരോടും നന്ദി അറിയിക്കുന്നു. ഓരോ ഇനത്തിലും Ist, IInd, IIIrd സമ്മാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ITEM | NAME | PARISH | |
|---|---|---|---|
| Solo Junior | Steffin Letisha | Koundampalayam | First |
| | A. Amal Xavier | Mettupalayam | Second |
| | S. Keerthana Rose | Thottipalayam | Third |
| Solo Senior | Anslet M.D. | Ramanathapuram | First |
| | Sherwin. B. Babu | Salem | Second |
| | Christa Joju | Edayarpalayam | Third |
| Action Song | Sam Saxon & Team | Edayarpalayam | First |

| | | | |
|---|---|---|---|
| | Anugrah & Team | Koundampalayam | Second |
| | Annamol & Team | Kuniamuthur | Third |
| Group Song | Stefin Letisha & Team | Koundampalayam | First |
| | Elsa Francis & Team | Kuniamuthur | Second |
| | Fana. P. Felix & Team | Gandhipuram | Third |

**ഒക്ടോബർ 2, ഒക്ടോബർ 19** ഈ ദിനങ്ങളിലെ ഫോട്ടോകൾ വേണ്ടവർക്ക് ഓഫീസുമായി ബന്ധപ്പെടുക (ഓരോ വിജയികളുടെയും മത്സരങ്ങളുടെയും).

– Scholastic Study material ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജോബി തെക്കിനേടത്ത്,** ഡയറക്ടർ

# സീറോ മലബാർ മാതൃവേദി

**നവംബർ മാസത്തിൽ** മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക - സെമിത്തേരി വൃത്തിയാക്കുക, പൊതു ഒപ്പീസ് സകല മരിച്ചവർക്കുവേണ്ടി ചൊല്ലുക, രൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുക.

**ഫാ. ഷിന്റോ പാറയിൽ,** ഡയറക്ടർ



# പിതൃവേദി

**കലാമത്സരങ്ങൾ :** രൂപതാ പിതൃവേദിയുടെ നേതൃത്വത്തിൽ പിതൃവേദി അംഗങ്ങളുടെ രൂപതാതലത്തിലുള്ള കലാമത്സരങ്ങൾ 2018 ഡിയംബർ 2 ഞായറാഴ്ച നടത്തപ്പെടുന്നു. എല്ലാ ഇടവകകളിലെയും പിതൃവേദി അംഗങ്ങൾ മത്സരത്തിൽ പങ്കുചേർന്ന് കലാവാസനകൾ വളർത്താനും അപ്പന്മാരുടെ കൂട്ടായ്മ വളർത്താനും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മത്സര ഇനങ്ങൾ**

**1. കരോൾ ഗാന മത്സരം :** 5 മിനിട്ട് (മിനിമം 10 പേർ, മാക്സിമം 30 പേർ പങ്കെടുക്കണം)

**2. മോണോ ആക്ട് :** 5 മിനിട്ട് **3. ഫാൻസി ഡ്രസ്സ് :** 5 മിനിട്ട്

**പൊതുനിബന്ധനകൾ**

1. വി. ഗ്രന്ഥം അടിസ്ഥാനമാക്കിയുള്ള പ്രമേയമായിരിക്കണം അവതരിപ്പിക്കണ്ടേത്. അവയുടെ സൂചിക (Reference) നല്കേണ്ടതാണ്.
2. ഒരു മത്സരത്തിലും മൈക്ക്, സംഗീതോപകരണങ്ങൾ, പശ്ചാത്തല സംഗീതം എന്നിവ പാടില്ല.
3. നവംബർ 15-ാം തീയതിയോടുകൂടി മത്സരാർത്ഥികളുടെ പേരുകൾ ഇടവകയിലെ ഡയറക്ടറച്ചൻ / വികാരിയച്ചൻ സാക്ഷ്യപത്രത്തോടുകൂടി രജിസ്ട്രേഷൻ ഫീസ് സഹിതം രൂപതാഭരണസമിതിയെ

ഏല്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് താഴെപറയുന്നതാണ്. കരോൾ ഗാനം 600/- (ടീമിന്), മോണോ ആക്ട് 100/- (വ്യക്തിയ്ക്ക്), ഫാൻസി ഡ്രസ്സ് 100/- (വ്യക്തിയ്ക്ക്)

4. കരോൾ ഗാന മത്സരത്തിന് ഒരു ടീമും വ്യക്തിഗത ഇനങ്ങളായ മോണോ ആക്ട്, ഫാൻസി ഡ്രസ്സ് എന്നിവയ്ക്ക് രണ്ടുപേർ വീതവും ഒരു ഇടവകയിൽ നിന്നും മത്സരിക്കാവുന്നതാണ്.
5. ഒരു ഇനത്തിൽ അഞ്ചു ടീമുകൾ മത്സരിക്കുന്നതിന് രജിസ്റ്റർ ചെയ്തില്ലെങ്കിൽ ആ ഇനം മത്സരത്തിൽനിന്നും ക്യാൻസൽ ചെയ്യുന്നതായിരിക്കും.
6. ഇടവകയിൽ നിന്നും അംഗങ്ങളുടെ പട്ടിക(Members list)യിൽ പേരില്ലാത്തവർക്ക് മത്സരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇടവകയിലെ പിതൃവേദി അംഗങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വികാരിയച്ചന്റെ ഒപ്പോടുകൂടി രജിസ്ട്രേഷനു മുമ്പായി ഏല്പ്പിക്കുക. രൂപതാഭരണസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
7. കലാമത്സരങ്ങളുടെ നടത്തിപ്പിനെക്കുറിച്ചുള്ള പരാതികൾ ഉണ്ടായാൽ പിതൃവേദി രൂപതാ ഭരണസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

**നവംബർ : പൂർവ്വികരുടെ ഓർമ്മ :** എല്ലാ പിതൃവേദി അംഗങ്ങളും നവംബർ മാസത്തിൽ മരിച്ചുപോയ എല്ലാവരുടെയും ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കാനും വി. കുർബാനയിൽ പങ്കെടുക്കാനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് ആലപ്പാടൻ,** ഡയറക്ടർ



# നവീകരണ മുന്നേറ്റം

**ഏകദിന ധ്യാനം :** നവംബർ മാസത്തെ ഏകദിന ധ്യാനം 3 ശനിയാഴ്ച ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. അന്നേദിവസം ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുന്നത് ബഹു. ഫാ. ഡൊമിനിക്ക് ഐപ്പൻപറമ്പിൽ (പാലക്കാട് രൂപത) ആയിരിക്കും. രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയുള്ള ധ്യാനത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരും കടന്നുവരിക.

**ജാഗരണ പ്രാർത്ഥന :** ഈ മാസത്തെ ജാഗരണ പ്രാർത്ഥന ഉക്കടം സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വെച്ച് 9-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 9 മണിക്ക് ആരംഭിച്ച് 10-ാം തീയതി ശനിയാഴ്ച പുലർച്ചെ 2 മണിക്ക് അവസാനിക്കുന്നു. അന്ന് നമുക്കായി വചനം പങ്കുവെയ്ക്കുന്നത് ബ്ര. ജോർജ്ജ് പുത്തൻവീട്ടിൽ (എറണാകുളം) ആയിരിക്കും.

ഒക്ടോബർ മാസത്തിൽ രൂപതയിലെ എല്ലാ പള്ളികളിലും മിഷൻ സെന്ററുകളിലും ജപമാല പ്രയാണത്തിന് സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാ പ്രേക്ഷിതർക്കും നന്ദി.

**ഫാ. ജോസഫ് പുത്തൂർ,** ഡയറക്ടർ

## സാന്തോം സോഷ്യൽ സർവ്വീസ്

**Office Number : 9786137938**

**"Save Our Nature" :** തുളിർ പ്രൊജക്ടിന്റെ ഭാഗമായി തൊട്ടിപ്പാളയത്തുള്ള കുട്ടികൾക്കായി പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ഒരു സെമിനാർ സംഘടിപ്പിക്കുകയും, പ്രകൃതിയോടുള്ള അവരുടെ സ്നേഹം ഊട്ടിയുറപ്പിക്കാനായി കുട്ടികളുടെ നേതൃത്വത്തിൽ വൃക്ഷതൈകൾ നടുകയും ചെയ്തു.

**Distribution of Rice (05.10.18) :** ജഡയംപാളയം പഞ്ചായത്തിലെ ജെ. ജെ. നഗറിലുള്ള അഞ്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് അരിവിതരണം ചെയ്തു. ഓരോ കുടുംബത്തിനും 10കിലോ അരിയാണ് കൊടുത്തത്. തുടർന്നുള്ള എല്ലാ മാസവും അവർക്ക് അരിവിതരണം ചെയ്യുന്നതിനായി മനസ്സ് കാണിച്ച ഉപകാരികൾക്ക് ഒരുപാട് സ്നേഹത്തോടെ നന്ദിയും, പ്രാർത്ഥനയും.

**Circulation of Cotton Bag (01.10.18) :** സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പുലിയകുളം വാർഡ് പ്ലാസ്റ്റിക്ക് വിമുക്ത ഗ്രാമമാക്കി മാറ്റുന്നതിന്റെ ഭാഗമായി കോട്ടൺ ബാഗ് നിർമ്മിക്കുകയും, അവിടെയുള്ള ഗ്രാമവാസികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**Helping Hand for Marginal Farmers :** തുളിർ പ്രൊജക്ടിന്റെ ഭാഗമായി പൊഗളൂർ പഞ്ചായത്തിലെ 4 വില്ലേജുകളായ അളഗപ്പ കൗണ്ടർ പുതൂർ, മുടുക്കൻ തുറൈ, നെഞ്ചപ്പ കൗണ്ടർ പുതൂർ, ചിന്നയാ കൗണ്ടർ പുതൂർ എന്നിവടങ്ങളിലുള്ള കർഷകർക്കായി Organic farming നെക്കുറിച്ച് ക്ലാസ്സെടുക്കുകയും പാവപ്പെട്ട കർഷകർക്കായി കൃഷിയിടങ്ങളിൽ ജല സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള Rain water harvesting, Trenches, Bunds എന്നിവ നിർമ്മിച്ച് നൽകുകയും ചെയ്തു.

| | |
|---|---|
| Mr. Georgekutty, Tharape (Tirupur) | -2500/- |
| Mrs. Usha Stephen (Dharapuram) | -1500/- |
| Mr. Stanly Rajkumar | -50kg Rice |

**ഫാ. ജിയോ കുന്നത്തുപറമ്പിൽ,** ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ്

**Prayerful Greetings,** I am happy to inform you that Forane level Seminar and Competition for the **Cherupushpa Mission League (CML)** will be held on **Nov. 6th 2018.**

Time : 9.30 A.M Forane level competions : Afternoon session

Registration fee (per head) : Rs.50 Lunch : Provided

**Forane level competions:-**

| Name of the competition | Dress | Time | No. of participants |
|---|---|---|---|
| Carol Song | Uniform | 7 minuts | 5 - 9 (common catagory) |
| CML Mission Anthem | Uniform | 5 minuts | 5 - 9 (common catagory) |
| Bible Dhrushya Avatharanam | Theme oriented | 2 minuts | 5 - 10 (common catagory Bible theme) |

**Diocese level competition** will be held on **Nov. 21st 2018**. First and second winners in the Forane level have to compete in the Diocese level. Drawing competition in the Diocese level will be conducted on the same date.

Theme : CML Emblem

Participants : One child for each category representing the Parish.

| Category | Colour | Category | Colour |
|---|---|---|---|
| Class 5- 8 | Crayon | Class 9 -12 | Water colour |

Reg.Time : 10.00AM Lunch : Provided

The number of participants have to be informed on **Nov.7th 2018** to the CML Director.

**Contact No. 9562468420** **Fr. Ebin Eruvelikunnel** ( Director)



# എസ്.എം.വൈ.എം.

**ജപമാലയാഘോഷം :** രാമനാഥപുരം, ഗാന്ധിപുരം ഫൊറോന യിലെ SMYM യുവജനങ്ങൾ ആഘോഷമായ ജപമാല നടത്തി. പങ്കെ ടുത്ത ഏവർക്കും നന്ദി.

**യൂത്ത് ഡേ :** ഒക്ടോബർ 22ന് യുവജനങ്ങൾ SMYM യൂത്ത് ഡേ ആഘോഷിച്ചു.

**സെമിനാർ :** നവംബർ മാസത്തിൽ കാക്കനാട് സെന്റ് തോമസിൽ വെച്ച് SMYM സെമിനാർ നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറി യിക്കുന്നതായിരിക്കും.

**ഫാ. ബിജോ പാലായിൽ,** ഡയറക്ടർ



# എസ്. എം. ആർ. സി.

2018 സെപ്തംബർ 15ന് SMRC യുടെ വാർഷിക ജനറൽബോഡി മീറ്റിംഗ് ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. ബഹു. ഫാ. ജോയി കോളേങ്ങാടന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേ ളനത്തിൽ Rev. Fr. Raju Nellissery CMI "Challenger and Psycho-spiritual dimensions of Religious life in present context" എന്ന വിഷയത്തെ ആസ്പ ദമാക്കി ക്ലാസ്സെടുത്തു. 32 പേരോളം പേർ സന്നിഹിതരായിരുന്നു.

**സി. മോളി ജോസ് CHF,** സെക്രട്ടറി

# MEDICAL FRATERNITY

## PROPER SLEEP LEADS TO HEALTHY LIFE

Sleep is one of the most important physiological functions that influence the daytime activity, vigilance, concentration and performance of daily activities. Hence maintaining good quality sleep is must to maintain a good health. According to WHO a person should sleep at least 6 to 8 hours in order to maintain health.

About 1/3rd of the world population is suffering from various sleep disorders. It is increasing in younger age group and middle age group because of restless life style and stress. Major reason for sleep disorder is Stress. Stress is found everywhere i.e. it is within the family, business organization / enterprise or any other social or economic activity. Right from the time of birth till last breath drawn, an individual is invariably exposed to various stressful situations this lead to inadequate sleep .This inadequate sleep not only affects the individual himself but also affects the society and community in turn increasing in psychic disorders. However when a man is mentally disturbed – this ultimately disturbs psycho-neuro-biological rhythm of sleep leading to insomnia. It is the fact that since past three decades modern psychiatry acquired a revolutionary growth in understanding the disorder of sleep. Still lacuna persists in the field of psycho-pharmacology because of the untold secondary complications in the human body. The use of hypnotics and sedatives is on the increase use. In addition antihistaminic neuroleptic/, antidepressant and opioids have significant sedative action, but are not reliable for treatment of insomnia. Long-term use of frequently prescribed medications can lead to habituation, drowsiness, memory loss, giddiness and certain withdrawal symptoms. This Finally affect the quality of life cont……

**Prepared by Dr Jacob Raymond MD (Ayu)**
Josephs ***AYURWORLD Olympus bus stop***

Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary

## രാമനാഥപുരം രൂപത

# 04-ാം പാസ്റ്ററൽ കൗൺസിൽ 07-ാം സമ്മേളനം

(08-12-2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക്
രാമനാഥപുരം കത്തീഡ്രൽ പാരിഷ് ഹാളിൽ)

ചർച്ചാവിഷയം

## "മാധ്യമങ്ങളും കത്തോലിക്കാ കുടുംബ മൂല്യങ്ങളും"

ചർച്ച നയിക്കുന്നത്

**Franco Louis**

(Special Correspondent, Deepika,
Rashtra Deepika, Thrissur)

**കാത്തലിക് ബിഷപ്സ് ഹൗസ്**

C/o. ഹോളിട്രിനിറ്റി കത്തീഡ്രൽ
ട്രിച്ചി റോഡ്, രാമനാഥപുരം
കോയമ്പത്തൂർ - 641 045

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

രൂപതയുടെ 4-ാം പാസ്റ്ററൽ കൗൺസിലിന്റെ 7-ാം ജനറൽ ബോഡി മീറ്റിംഗ് 08-09-2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 5 മണിവരെയാണെന്ന് അറിയാമല്ലൊ. "മാധ്യമങ്ങളും കത്തോലിക്കാ കുടുംബ മൂല്യങ്ങളും" എന്നതാണ് ഈ മീറ്റിംഗിലെ മുഖ്യ ചർച്ചാവിഷയം.

വിഷയത്തിന്റെ പ്രാധാന്യം ഗൗരവമായി കണ്ട്, താങ്കൾ കൗൺസിലിൽ പ്രതിനിധാനം ചെയ്യുന്ന ഗ്രൂപ്പിനെ വിളിച്ചുചേർത്ത്, ചർച്ച ചെയ്ത് റിപ്പോർട്ട് 01.12.2018ന് മുമ്പ് രൂപതാകാര്യാലയത്തിൽ ലഭിക്കാവുന്ന രീതിയിൽ അയച്ചുതരണം. ഇക്കാര്യത്തിൽ SMRC, ഇടവകകൾ, ഫൊറോനകൾ, സന്യാസമൂഹങ്ങൾ, മൈനർ സെമിനാരി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മദർ തെരേസാ പീസ് ഹോം, സംഘടനകൾ/പ്രസ്ഥാനങ്ങൾ അജണ്ടാ കമ്മിറ്റി എന്നിവർ വേണ്ടവിധം പഠിച്ച് റിപ്പോർട്ട് തരണം.

പ്രത്യേക ക്ഷണക്കത്ത് അയക്കുന്നതല്ല. കൗൺസിലംഗങ്ങൾ കൂടാതെ, രൂപതാ റിസോഴ്സ് ടീമംഗങ്ങളും മതബോധന പ്രധാനാദ്ധ്യാപകരും രൂപതാ-ഫൊറോന-ഇടവക കുടുംബ ക്കൂട്ടായ്മ ഏകോപനസമിതി ഭാരവാഹികളും രൂപതാതിർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽമാരും പ്രധാനാദ്ധ്യാ പകരും SMRC, ജീസസ്സ് യൂത്ത് എന്നിവരുടെ രൂപത-ഫൊറോന-ഇട വക ഭാരവാഹികളും മറ്റു കമ്മിറ്റിയംഗങ്ങളും വന്നു പങ്കുചേരണം. മീറ്റിംഗിൽ തീർച്ചയായും പങ്കുചേരണം. ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം

**ഫാ. തോമസ് കാവുങ്കൽ**
ജനറൽ സെക്രട്ടറി

**ശ്രീ. ടി.കെ. സിറിയക്**
സെക്രട്ടറി

**ശ്രീമതി ലൗലി ദിവ്യമോൻ**
ജോ. സെക്രട്ടറി

# മാധ്യമങ്ങളും കത്തോലിക്കാ കുടുംബ മൂല്യങ്ങളും

വാർത്താ ലോകം വളരുകയാണ്. സൈബർ ലോകം തുറന്നതോടെ മാധ്യമങ്ങളുടെ ചക്രവാളം അതിവിശാലമായി. അതേസമയം, ലോകം ഓരോരുത്തരുടേയും വിരൽത്തുമ്പിലേക്കു ചുരുങ്ങുകയും ചെയ്തു.
ആർക്കും എന്തും എഴുതിയും ചിത്രങ്ങളും വീഡിയോകളും അപ്‌ലോഡ് ചെയ്തും പ്രചരിപ്പിക്കാവുന്ന വിധത്തിൽ തുറന്നിട്ടിരിക്കുകയാണ് പുതിയ മാധ്യമലോകം. പരമ്പരാഗത മാധ്യമങ്ങളായ പത്രങ്ങൾ, വാർത്താ ചാനലുകൾ എന്നിവയേക്കാൾ സൈബർ ലോകത്തെ സമൂഹ മാധ്യമങ്ങൾ ജനങ്ങൾക്കിടയിൽ ഒരു വിപ്ലവമായി, സംസ്കാരമായി മാറി.
ശാസ്ത്ര സാങ്കേതിക വളർച്ച ലോകത്തിന്റെ നന്മയ്ക്കെന്നതുപോലെ തിന്മയ്ക്കും നാശത്തിനും വഴിവയ്ക്കും. മാധ്യമങ്ങൾക്കും തത്ത്വം ബാധകമാണ്. സമൂഹത്തിന്റെ ചിന്താസരണിയെ രൂപപ്പെടുത്തുന്ന മാധ്യമങ്ങൾ നന്മയേക്കാൾ തിന്മയെ വളർത്തുന്നുണ്ടോ? വളരെ കരുതലോടെ, ജാഗ്രതയോടെ നിരീക്ഷിക്കേണ്ടതുണ്ട്. പുതിയ മാധ്യമ സംസ്കാരം നമ്മുടെ കുടുംബ മൂല്യങ്ങളേയും വിശ്വാസ കൂട്ടായ്മയേയും തകർക്കുമോ?
മാധ്യമങ്ങൾ നടത്തിയ ചരിത്രപരമായ ചില ഇടപെടലുകൾ നമുക്കൊന്നു പരിശോധിക്കാം. ചരിത്രത്തെ ഇളക്കി മറിച്ച ഇടപെടലുകൾ. വ്യാജവാർത്തകളിലൂടെ ചരിത്രത്തെ ഇളക്കി മറിച്ച സംഭവങ്ങൾ. നുണ പ്രചാരണത്തിലൂടെ ജനങ്ങളെ കബളിപ്പിച്ചതിന്റെ ചരിത്രമാണിത്.
സമൂഹത്തിലെ ഈ കബളിപ്പിക്കലും കള്ളപ്രചാരണവും ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ബൈബിളിലെ ഉൽപത്തിയുടെ പുസ്തകം മുതലേ അതു കാണാം. ഏദൻതോട്ടത്തിലെ വിലക്കപ്പെട്ട കനി കഴിച്ചാൽ ദൈവത്തേപ്പോലെയാകുമെന്നു വിശ്വസിപ്പിച്ച് ഹവ്വയേയും ആദത്തേയും സാത്താൻ കബളിപ്പിച്ചതു നാം മറക്കില്ല. ആദ്യത്തെ വ്യാജവാർത്ത അതായിരുന്നു. തന്മയത്വത്തോടെ അവതരിപ്പിക്കുന്ന നുണ ആരും വിശ്വസിച്ചുപോകും. നൂറു തവണ ആവർത്തിച്ചുകൊണ്ടേയിരുന്നാൽ പ്രത്യേകിച്ചും.
2016 ലെ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പുവേള. പ്രചാരണത്തിന്റെ അവസാന ഘട്ടത്തിൽ സമൂഹ മാധ്യമങ്ങളിലും പിറകേ വാർത്താ ചാനലുകളിലും പത്രങ്ങളിലും പ്രചരിച്ച വിശേഷം ഇതായിരുന്നു: 'ഫ്രാൻസിസ് മാർപാപ്പ ലോകത്തെ ഞെട്ടിച്ചു, ഡൊണാൾഡ് ട്രംപിന് പിന്തുണ.'
പിറകേ മറ്റൊരു വിശേഷംകൂടി:
'ഹിലാരി ഇ മെയിൽ ചോർത്തിയതു കണ്ടെത്തിയ എഫ്ബിഐ ഓഫീസർ കൊല്ലപ്പെട്ടു.'

വാർത്ത കാട്ടുതീപോലെയല്ല, ബോംബു സ്ഫോടനം പോലെയാണു ലോകമെങ്ങും പ്രചരിച്ചത്. വൻ പ്രാധാന്യത്തോടെ ലോകത്തിനു മുന്നിൽ ആ വിശേഷം അവതരിപ്പിക്കപ്പെട്ടു. അതു കണ്ട് വത്തിക്കാൻ അമ്പരന്നു. പിറ്റേന്ന് ആ വാർത്ത നിഷേധിച്ചു. നിഷേധിച്ച വാർത്ത മിക്ക മാധ്യമങ്ങളും ആരും കാണാത്ത മൂലകളിൽ ഒറ്റവരിയിൽ ഒതുക്കി. സമൂഹമാധ്യമങ്ങൾ ഗൗനിച്ചതേയില്ല. വ്യാജവാർത്ത ജനങ്ങളുടെ മനസിൽ സത്യസന്ധമായ വാർത്തപോലെ വേരുറച്ചു. അമേരിക്കയിലെ വോട്ടർമാരെ സ്വാധീനിച്ച ഈ വാർത്തയിലൂടെ ട്രംപ് വിജയം ഉറപ്പാക്കി.

പിന്നീട് ഇതേക്കുറിച്ച് ഗവേഷണം നടത്തിയവർ കണ്ടെത്തിയത് വിചിത്രമായ സത്യമായിരുന്നു. ട്രംപിന്റെ പ്രചാരണ തന്ത്രത്തിന്റെ ഭാഗമായിരുന്നു ആ വ്യാജ വാർത്ത. സമൂഹമാധ്യമങ്ങളിലൂടെ അനുകൂലമായ പ്രചാരണത്തിന് അനേകായിരം ഗ്രൂപ്പുകളും വെബ്സൈറ്റുകളും പ്രവർത്തിച്ചിരുന്നു. മേസഡോണിയയിലെ വെലെസ് എന്ന നഗരത്തിൽ മാത്രം 140 വ്യാജ വാർത്താ വെബ് സൈറ്റുകൾ. ട്രംപ് വിജയം ഉറപ്പാക്കിയ പ്രചാരണ തന്ത്രം.

1835ലെ ന്യൂയോർക്കിലെ ദ സൺ പത്രം റിപ്പോർട്ടു ചെയ്ത വിശേഷം ലോകത്തെ ഞെട്ടിച്ചു. 'ചന്ദ്രോപരിതലത്തിൽ മനുഷ്യരേപ്പോലുള്ള ജീവജാലങ്ങളെ കണ്ടെത്തി'. അക്കാലത്തെ പ്രശസ്ത ഭൗമശാസ്ത്രജ്ഞൻ സർ ജോൺ ഹെർഷ്ചലാണ് ഇക്കാര്യം വെളിപ്പെടുത്തിയതെന്നാണു വാർത്ത. വവ്വാലിനേപ്പോലെ ചിറകുള്ള മനുഷ്യർക്കു സമാനമായ ജീവജാലങ്ങളുടെ വരച്ച ചിത്രത്തോടൊപ്പമായിരുന്നു വാർത്ത പ്രസിദ്ധീകരിച്ചത്. ഒരു പ്രചാരവുമില്ലാതിരുന്ന സൺ അതോടെ ലോകമെങ്ങും വൻ പ്രചാരം നേടി. വാർത്ത കള്ളമാണെന്ന് സ്ഥിരീകരിച്ചതു ആഴ്ചകൾക്കുശേഷമാണ്. അപ്പോഴേക്കും സൺ പത്രം വായനക്കാർക്കിടയിൽ വലിയ സ്ഥാനം നേടി. കൂടുതൽ പരസ്യത്തിലൂടെ വരുമാനം വർധിച്ചു. വിവിധ ലോകരാജ്യങ്ങളിൽ എഡിഷനുകൾ ആരംഭിച്ചു.

2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഫേസ്ബുക്ക്, വാട്സാപ് പ്രചാരണങ്ങൾ. കോൺഗ്രസ് നയിച്ചിരുന്ന യുപിഎ സർക്കാരിനെതിരായ അഴിമതി ആരോപണങ്ങളും വർഗീയ വികാരം ഇളക്കിവിടുന്നവയും. ഇതിനായി ബിജെപി കേന്ദ്രീകൃതമായ പ്രചാരണ സംവിധാനം ഒരുക്കി. വോട്ടെടുപ്പിൽ ബിജെപി നയിക്കുന്ന എൻഡിഎ വൻഭൂരിപക്ഷം നേടിയത് ഈ പ്രചാരണതന്ത്രത്തിന്റെ വിജയമായിരുന്നു.

ആൾക്കൂട്ട കൊലപാതകങ്ങൾ: മതപരിവർത്തനം, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, അവിഹിതം, പശുസംരക്ഷണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെടുത്തി വ്യാജവാർത്തകൾ പ്രചരിപ്പിച്ച് ആൾക്കൂട്ട

കൊലപാതകം. വാട്സ്ആപിലൂടെ വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് ഒരു വർഷത്തിനിടെ രാജ്യത്ത് അമ്പതോളം പേരെ ഇങ്ങനെ കൊലപ്പെടുത്തി. വാട്സാപ് സന്ദേശം ഒരേസമയം പരമാവധി അഞ്ചു പേർക്ക് മാത്രം അയക്കാവുന്ന നിലയിലേക്കു പരിമിതപ്പെടുത്തണമെന്നു കേന്ദ്ര സർക്കാർ കർശന നിർദേശം നൽകിയത് ഇതുമൂലമാണ്.

**തമസ്കരിക്കുന്ന പോസിറ്റീവ് വാർത്ത**

കേരളത്തിൽ അഞ്ഞൂറോളം പേരുടെ മരണത്തിനിടയാക്കിയ പ്രളയത്തിൽ 12 ലക്ഷം പേരാണു ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയത്. ബഹുഭൂരിപക്ഷം ദുരിതാശ്വാസ ക്യാമ്പുകളും നമ്മുടെ പള്ളികളോ പള്ളിയോടനുബന്ധിച്ചുള്ള പാരിഷ് ഹാളോ സ്കൂളുകളോ ആയിരുന്നു. അത്തരം ക്യാമ്പുകളിൽ അഭയം തേടിയെത്തിയവർക്ക് പായയും പുതപ്പും മുതൽ ഭക്ഷണംവരെ നൽകിയത് അതതു പ്രദേശത്തെ ഇടവക ജനങ്ങളായിരുന്നു. ക്യാമ്പു വിട്ടുപോയ അവർക്ക് നിത്യോപയോഗ സാധനങ്ങളുടെ ദുരിതാശ്വാസ കിറ്റുകളും സമ്മാനിച്ചു. അമ്പതിനായിരത്തിലേറെ വീടുകളാണു തകർന്നത്. പുതിയ വീടുകൾ നിർമ്മിക്കാനും ഭാഗികമായി നന്നാക്കാനും ഓരോ ഇടവകതോറും വിശ്വാസികൾ രംഗത്തിറങ്ങി. പണം, സജ്ജീകരണങ്ങൾ, ആൾബലം തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാർ നൽകിയതിനേക്കാൾ വലിയ കാരുണ്യമാണ് ക്രൈസ്തവ സമൂഹം കേരളത്തിനു സമർപ്പിച്ചത്. പ്രളയത്തിനിടെ വള്ളങ്ങളുമായി രക്ഷകരായി എത്തിയതും ക്രൈസ്തവ വിശ്വാസികളായിരുന്നു. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തീരപ്രദേശങ്ങളിലുള്ള ലത്തീൻ സമുദായാംഗങ്ങൾ. പള്ളികളിൽ മണി മുഴക്കി വിളിച്ചുകൂട്ടിയാണ് അവർ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചത്. അതിനുശേഷമാണു സർക്കാർപോലും മൽസ്യത്തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് തീരുമാനിച്ചത്. എൺപതിനായിരം പേരെയാണ് മൽസ്യത്തൊഴിലാളികൾ വള്ളങ്ങളിലെത്തി രക്ഷിച്ചത്. ക്രൈസ്ത സമൂഹം ഇത്രയും ബ്രഹത്തായ, മഹത്തായ സേവനം ചെയ്തെന്ന് ഏതെങ്കിലും മാധ്യമം ലോകത്തെ അറിയിച്ചിട്ടുണ്ടോ?

ചില ഉദാഹരണങ്ങൾ മാത്രമാണു മുകളിൽ വിവരിച്ചത്. അവ സ്വയം സംസാരിക്കുന്നവയാണ്. അതിൽനിന്നു നാം മനസിലാക്കേണ്ടത് എന്താണ് ? നമുക്കു മുന്നിൽ ഉയരുന്ന ചോദ്യം ഇതാണ്:

എന്താണു മാധ്യമങ്ങൾ ഇങ്ങനെ?

മാധ്യമങ്ങൾ പണ്ടു മുതലേ അങ്ങനെത്തന്നെയാണ്. അനേകം വ്യാജ വാർത്തകൾ നവസാമൂഹ്യ മാധ്യമങ്ങളിലും വാർത്താ ചാനലുകളിലും ദിനപ്പത്രങ്ങളിലുമായി പ്രചരിക്കുന്നുണ്ട്. എല്ലാം കണ്ണടച്ചു വിശ്വസിക്കരുത്. പണ്ടു വിരസമായിരുന്ന വാർത്തകളെ ഇന്ന് മസാലചേരുവക

ളോടെയാണ് ന്യൂസ് റൂമുകളിൽ കെട്ടിയൊരുക്കുന്നത്. അവ കാണാനും കേൾക്കാനും വായിച്ചറിയാനും ഉറ്റുനോക്കിയിരിക്കുകയാണ് ജനങ്ങൾ. ക്രൈം ത്രില്ലർ സിനിമയേയും അശ്ലീലങ്ങൾ കുത്തിനിറച്ച പൈങ്കിളി സീരിയലിനേയും റിയാലിറ്റി ഷോയേയുമെല്ലാം തോൽപിച്ചു കളയുന്ന വിധത്തിലാണ് വാർത്താ മാധ്യമങ്ങൾ ചേരുവകൾ ഒരുക്കുന്നത്. അതാണോ മാധ്യമധർമം?

**മാധ്യമ ധർമം**

ലോകനീതിക്കു വിധേയമായി സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കായി വാർത്താവിശേഷങ്ങൾ ജനങ്ങൾക്കിടയിലേക്ക് എത്തിക്കുന്നതാണു ശരിയായ മാധ്യമധർമം. അരികിലും അകലേയുമുള്ള വിശേഷങ്ങൾ പക്ഷം പിടിക്കാതേയും മായം ചേർക്കാതേയും ജനങ്ങളെ അറിയിക്കുക.

ജനാധിപത്യത്തിന്റെ നാലാം തൂണ് എന്ന നിലയിൽ തിരുത്തൽ ശക്തിയാണ് മാധ്യമം. അഴിമതി, സ്വജനപക്ഷപാതം, സാമൂഹ്യ തിന്മകൾ, അനാചാരങ്ങൾ എന്നിവയ്ക്കെതിരേ ജനവികാരം ഉണർത്തുക, തിരുത്തുക. സാധാരണക്കാരുടെ അവകാശങ്ങൾക്കായി ശബ്ദിക്കുക.

ഈ ധാർമികതയെ തമസ്കരിച്ചുകൊണ്ടാണ് മിക്ക മാധ്യമങ്ങളും വ്യാജ വാർത്തകളും ഊതിപ്പെരുപ്പിച്ച വാർത്തകളും അശ്ലീലങ്ങളുമെല്ലാം കുത്തിനിറയ്ക്കുന്നത്.

സാധാരണക്കാർ മാധ്യമങ്ങളെ കണ്ണുമടച്ചു വിശ്വസിക്കുന്നു. വാർത്താ ചാനലുകളായാലും പത്രങ്ങളായാലും വച്ചുകാച്ചുന്നതെല്ലാം സത്യമാണെന്നു വിശ്വസിച്ചുപോകുന്നു. വ്യവസ്ഥാപിത മാധ്യമങ്ങൾ ആധികാരിക സ്വരത്തിൽ അവതരിപ്പിക്കുന്ന വിശേഷങ്ങളെന്നതുപോലെ സമൂഹ മാധ്യമങ്ങളിൽ നാഥനില്ലാതെ പ്രചരിക്കുന്നവപോലും സത്യമെന്നു കരുതുന്നവരാണ് സാധാരണ ജനങ്ങൾ. ഈ മാധ്യമങ്ങളുടെ പിന്നാമ്പുറ വിശേഷങ്ങൾ സാധാരണക്കാർ അറിയുന്നില്ല, പരിശോധിക്കുന്നുമില്ല.

**മാധ്യമ സ്വാധീനം**

മാധ്യമങ്ങൾ നൽകുന്ന വാർത്തകൾ, വിശകലനങ്ങൾ, ദൃശ്യങ്ങൾ, അന്തിച്ചർച്ചകൾ, പരസ്യങ്ങൾ തുടങ്ങിയവയെല്ലാം മനുഷ്യന്റെ ചിന്താധാരയെ സ്വാധീനിക്കുന്നു. ഒരോരുത്തരുടേയും നിലപാടുകളേയും കർമപഥങ്ങളേയും രൂപപ്പെടുത്തുന്നത് ഈ ചിന്താസരണിയാണ്. മാധ്യമങ്ങൾ അങ്ങനെ ഒരു സംസ്കാര രൂപീകരണത്തിന് വഴിയൊരുക്കുന്നുണ്ട്.

അതായത്, നാം വായിക്കുന്നതും കാണുന്നതുമായ മാധ്യമം നമ്മുടെ കുടുംബത്തിന്റേയും സമൂഹത്തിന്റേയും ചിന്തയേയും നിലപാടുകളേയും പ്രവർത്തനങ്ങളേയും സംസ്കാരത്തേയും രൂപപ്പെടുത്തുക

യാണ്.
നന്മയുടേയും വിശുദ്ധിയുടേയും പ്രതീകങ്ങൾക്കെതിരായ പ്രചാരണ പ്രളയമാണു മാധ്യമങ്ങളിൽ നിറയുന്നത്. നാം പിന്തുടരുന്ന വിശ്വാസത്തേയും കുടുംബങ്ങളുടെ കെട്ടുറപ്പിനേയും തകർക്കുന്നവ. വിശുദ്ധ മദർ തെരേസയേയും കുമ്പസാരമെന്ന കൂദാശയേയും സഭാസമൂഹത്തിനു നേതൃത്വം നൽകുന്ന മെത്രാന്മാരേയും വൈദികരേയും സന്യാസ ജിവിതത്തേയും അപഹസിക്കുന്ന പ്രചാരണങ്ങൾ. ലൈംഗികാപവാദങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന വാർത്തകൾ. പരാതിയിൽ പോലീസ് അന്വേഷണം തുടങ്ങുന്നതിനു മുമ്പേ, കോടതിയിൽ എത്തുന്നതിനു മുമ്പേ, പരമാവധി അശ്ലീലങ്ങളെല്ലാം ചേർത്ത് അവതരിപ്പിക്കുന്നു. മുതിർന്നവർക്കുപോലും അറപ്പുളവാക്കുന്നവയാണത്. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന നമ്മുടെ കുടുംബങ്ങളിലെ കുഞ്ഞുമക്കളുടെ മനസികാവസ്ഥ എന്താകും. സ്വഭാവ രൂപീകരണത്തിന്റെ പ്രായമാണവരുടേത്. അവരുടെ മനസിൽ വിഷവിത്തുകൾ വിതറുകയാണു മാധ്യമങ്ങൾ. കുടുംബങ്ങളിൽ വാർത്താ ചാനലുകൾ തുറന്നുവയ്ക്കാനാകാത്ത അവസ്ഥ.

**മടിശീല നിറയ്ക്കാൻ മൽസരം**

കുറ്റകൃത്യങ്ങൾ, ലൈംഗികത, സെക്സ്, അപവാദ ആരോപണങ്ങൾ, ഗോസിപ്പുകൾ, പിന്നാമ്പുറ കഥകൾ എന്നിവ ചേർത്ത സെൻസേഷണൽ വിശേഷങ്ങൾ കേൾക്കാനും അറിയാനുമാണ് ജനങ്ങൾക്ക് താൽപര്യം. ഈ ഇനങ്ങൾ വിളമ്പിയാൽ ജനം ഓടിക്കൂടും. കൂടുതൽ പ്രേക്ഷകരേയും വരിക്കാരേയും ആകർഷിക്കുന്നതിനു പിറകിലെ ലക്ഷ്യമെന്താണ്?
പ്രേക്ഷകരുടേയും വരിക്കാരുടേയും എണ്ണം കൂടിയാൽ കൂടുതൽ പരസ്യം ലഭിക്കും. കൂടുതൽ ഉയർന്ന നിരക്കുള്ള പരസ്യങ്ങളിലൂടെയാണ് മാധ്യമസ്ഥാപനത്തിന്റെ വരുമാനം. ഭീമമായ പണം മുടക്കിയാണു മാധ്യമസ്ഥാപനങ്ങൾ നടത്തുന്നത്. ജീവനക്കാരുടെ ശമ്പളം, സാറ്റലൈറ്റ് വാടക, ഓഫീസ് വാടക, ന്യൂസ് പ്രിന്റ് വില, തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവു കഴിഞ്ഞ് ഉടമയ്ക്കു ലാഭവും കിട്ടണം.
ഓരോ മാധ്യമ സ്ഥാപനവും ഇതിനുള്ള പണം സമാഹരിക്കാനുള്ള നെട്ടോട്ടത്തിലാണ്. പണം വാരാൻ അവർ സമൂഹ മധ്യത്തിലേക്ക് എറിഞ്ഞിടുന്ന ഇരയാണ് മസാല വാർത്തകൾ. അവയിലേക്ക് ആകൃഷ്ടരായി ജനം ഓടിക്കൂടുമ്പോൾ മാധ്യമസ്ഥാപനത്തിന്റേയും ഉടമയുടേയും മടിശീല നിറയും. വയറ്റിപ്പിഴപ്പിനായി നഞ്ചു കലക്കി മീൻ പിടിക്കുന്ന പണി. നുണവാർത്തകളുടേയും മസാലവാർത്തകളുടേയും തോതു വച്ചു നോക്കിയാൽ അവർ കലക്കുന്നതു വെറും നഞ്ചല്ല, മാരക വിഷമാണ്. സമൂഹത്തിന്റെ ചിന്താധാരയേയും സംസ്കാരത്തേയും

മലീമസമാക്കി കൂട്ടക്കുരുതി നടത്തുന്ന രീതി.
മുന്നിലെത്താൻ ഓരോ മാധ്യമവും പരസ്പരം കടുത്ത മൽസരത്തിലാണ്. കൂടുതൽ വരിക്കാരെ കിട്ടാൻ, കൂടുതൽ പ്രേക്ഷകരുണ്ടാകാൻ, അങ്ങനെ കൂടുതൽ പരസ്യവും വരുമാനവും നേടാനുള്ള മൽസരം. കൂടുതൽ ആൾക്കൂട്ടങ്ങളെ ആകർഷിക്കുന്ന മസാല ബ്രെയ്ക്കിംഗ് ന്യൂസ് ആദ്യം നൽകിയെങ്കിലേ ഇതൊക്കെ നേടാനാകൂ. ഒരു കൂട്ടർ നൽകുന്ന ബ്രെയ്ക്കിംഗ് ന്യൂസിനു പിറകേ മറ്റുള്ള മാധ്യമങ്ങളും ഓടുന്നു. സ്വന്തം കണ്ടെത്തലെന്നു വരുത്തിത്തീർക്കാൻ കൂടുതൽ രസച്ചേരുവകളും ചേർക്കും.
മൽസരപ്പാച്ചിലിൽ മാധ്യമങ്ങൾ ധാർമികതയെ വലിച്ചെറിയുന്നു. അങ്ങനെ അധമ മാധ്യമമായി മാറുന്നു. സാധാരണക്കാർക്ക് ഇതു തിരിച്ചറിയാനാകാത്തത്രയും തന്ത്രപരമായി അധമതന്ത്രങ്ങളിലൂടെയാണ് വാർത്തകളെ ജനങ്ങൾക്കു മുന്നിലെത്തിക്കുന്നത.

**ചാനൽ ജഡ്ജിമാർ**

മാധ്യമങ്ങൾ സൂപ്പർ കോടതികളും മാധ്യമ പ്രവർത്തകർ സൂപ്പർ ജഡ്ജിമാരുമായി ചമഞ്ഞുകൊണ്ടിരിക്കുന്ന കാലമാണ്. ആരെങ്കിലും ഒരു ആരോപണം ഉന്നയിച്ചാൽ പോലീസ് കേസെടുക്കുന്നതിനു മുമ്പേ, മുൻവിധിയോടെ വിചരണ ചെയ്യാനും വിധി കൽപിക്കാനും ജനവികാരം ഇളക്കിവിടാനും അധികാരമുള്ളവരാണു തങ്ങളെന്നാണ് മാധ്യമങ്ങളുടെ നാട്യവും ധാർഷ്ട്യവും. തെളിവുകളുടെ അടിസ്ഥാനത്തിൽ കോടതി കുറ്റക്കാരനെന്നു വിധിക്കുന്നതിനു മുമ്പേ ആരോപിതനെതിരേ ആളെക്കൂട്ടി വിചാരണ ചെയ്ത് സമൂഹത്തേയും നീതിന്യായ വ്യവസ്ഥയേയും ഹൈജാക്കു ചെയ്യുന്ന മൽസരം. വാർത്തകളിലും അവലോകനങ്ങളിലും അന്തിച്ചർച്ചകളിലുമെല്ലാം നടക്കുന്നത് നിയമലംഘനമാണ്. ഇതു കോടതിയിൽ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ആരും അതിനു മുതിർന്നിട്ടില്ല. അതിനാൽ തങ്ങൾ ചെയ്യുന്ന ഗുണ്ടായിസം കേമത്തമാണെന്ന നാട്യത്തോടെ, സമൂഹത്തെ തങ്ങളാണു നേർവഴിക്കു നയിക്കുന്നതെന്ന മൗഢ്യഭാവത്തോടെ മാധ്യമങ്ങൾ അത് അഭംഗുരം തുടരുന്നു.

**മാധ്യമങ്ങളുടെ തനിനിറം.**

ഓരോ മാധ്യമത്തിനും ഓരോ നയമുണ്ട്. മാധ്യമസ്ഥാപനത്തിന്റെ ഉടമകളുടെ നയമാണ് ആ മാധ്യമത്തിന്റെ നയം. വാർത്താ, വിശകലന അവതരണങ്ങൾ, മുഖപ്രസംഗം തുടങ്ങിയവയെല്ലാം ആ നയരേഖയുടെ അടിസ്ഥാനത്തിലാകും. അതായത് ഉടമയുടെ നയമാണ് ഓരോ മാധ്യമത്തിന്റേയും മാധ്യമധർമം. ഉടമ കോടികൾ മുടക്കി സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനു പിറകിൽ ചില ലക്ഷ്യങ്ങളുണ്ട്. അതെന്താണ്? സമൂഹത്തെ ഉദ്ധരിക്കുകയാണെന്ന പൊയ്മുഖത്തിന്റെ മറവിൽ

സ്വന്തം ആദായം ഉറപ്പാക്കുക, സ്വന്തം അജണ്ട നടപ്പാക്കുക. രാഷ്ട്രീയപരമോ മതപരമോ ആയ അജണ്ടയോടെയാണ് ഓരോ മാധ്യമവും പ്രവർത്തിക്കുന്നത്. ലാഭത്തിനു പുറമേ, ഓരോ സ്ഥാപനമുടമയും നടത്തുന്ന ഇതര വ്യവസായങ്ങൾക്കുള്ള സംരക്ഷണ കവചംകൂടിയാണ് ഓരോ മാധ്യമവും.

കേരളത്തിൽ കൂടുതൽ പ്രേക്ഷകരുള്ള വാർത്താ ചാനലാണ് ഏഷ്യാനെറ്റ് ന്യൂസ്. ബിജെപിയുടെ രാജ്യസഭാംഗം രാജീവ് സദാനന്ദന്റെ ഉടമസ്ഥതയിലുള്ള ചാനൽ. റിപ്പബ്ളിക് ടീവിയും രാജീവ് സദാനന്ദന്റെ ഉടമസ്ഥതയിലാണ്. ബിജെപി അധികാരത്തിലെത്തിയ ശേഷം രാജ്യത്തുടനീളം അനേകം ചാനൽ, പത്ര മാധ്യമങ്ങളെ അവർ വിലയ്ക്കെടുത്തിട്ടുണ്ട്. ചില മാധ്യമങ്ങളെ വരുതിയിലാക്കിയിട്ടുമുണ്ട്. തങ്ങൾക്ക് അനുകൂലമായി വാർത്തകൾ പ്രചരിപ്പിക്കുകയും പ്രതിയോഗികളെ താറടിച്ചു കാണിക്കുകയും ചെയ്യാനാണ് മാധ്യമങ്ങളെ സ്വന്തമാക്കിയതും വരുതിയിലാക്കിയതും.

ഏറ്റവും പ്രചാരമുള്ളതെന്ന് അവകാശപ്പെടുന്ന പത്രവും വാർത്താ ചാനലും യാക്കോബായ സമുദായത്തിലെ ഒരു കുടുംബത്തിന്റെ തറവാട്ടു സ്വത്താണ്. പത്രവും ചാനലുമെല്ലാം നല്ല ആദായമുണ്ടാക്കുന്ന ബിസിനസാണ് ഇവർക്ക്. ഭൂരിപക്ഷ സമുദായത്തെ ഒപ്പം നിർത്തിയും ക്രിസ്ത്യൻ പിന്തുണ ഉറപ്പാക്കിയുമാണ് ബിസിനസ്. രാഷ്ട്രീയത്തിലും ഈ ഇരട്ടത്താപ്പുതന്നെ. പണമുണ്ടാക്കാൻ എന്തും ചെയ്യും. മാത്രമല്ല, തങ്ങളുടെ ഉടമസ്ഥതയിലുള്ള വമ്പൻ ടയർ വ്യവസായ കമ്പനി, തോട്ടങ്ങൾ തുടങ്ങിയവയ്ക്കുള്ള സംരക്ഷണ കവചമാണ് ഇവരുടെ മാധ്യമങ്ങൾ. വർഷങ്ങൾക്കു മുമ്പ് നിക്ഷേപകരെ കബളിപ്പിച്ച് കോടികൾ മുക്കിയ ധനകാര്യ സ്ഥാപനത്തിന്റെ ഉടമകളും ഇവരാണ്.

നായർ പത്രം പണ്ടൊക്കെ ഇതര സമുദായങ്ങളെ അവസരം കിട്ടിയാൽ കടന്നാക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്തിരുന്നു. ഇടക്കാലത്തു അതു നിയന്ത്രിച്ചത് ഇതര സമുദായാംഗങ്ങളിൽനിന്നു ബിസിനസ് ലഭിക്കാനായിരുന്നു. എങ്കിലും അവസരം കിട്ടിയാൽ ക്രൈസ്തവരെ അടിക്കും. കൂടുതൽ വരിക്കാരുള്ള സമുദായാംഗങ്ങളെ പ്രീണിപ്പിക്കാൻകൂടിയാണത്. ഈ മാധ്യമസ്ഥാപന ഉടമകളുടെ ഇതര വ്യവസായ സ്ഥാപനങ്ങൾക്കുള്ള സംരക്ഷണ കവചംകൂടിയാണ് ഈ മാധ്യമങ്ങൾ. ഒരു രാഷ്ട്രീയ പാർട്ടി, രാജ്യമെമ്പാടുമുള്ള പാഴ്സൽ സർവീസ്, ട്രാൻസ്പോർട്ട് സർവീസ്, എസ്റ്റേറ്റുകൾ തുടങ്ങി അനേകം വ്യവസായങ്ങൾ ഉടമകൾക്കുണ്ട്.

കേരളത്തിലെ ശക്തമായ പാർട്ടികളായ സിപിഎമ്മിനും കോൺഗ്രസിനും ബിജെപിക്കുമെല്ലാം പാർട്ടി മുഖപത്രങ്ങളുണ്ട്. ദേശാഭിമാനി, വീക്ഷണം, ജന്മഭൂമി. ഇവയ്ക്കെല്ലാം വാർത്താ ചാനലുകളുമുണ്ട്.

കൈരളി ടീവി, ജയ്ഹിന്ദ്, ജനം ടീവി എന്നിവ. മുസ്ലീം ലീഗിന്റേയും മുസ്ലീം സമുദായത്തിന്റേയും പത്രമാണ് ചന്ദ്രിക. മാധ്യമം, സുപ്രഭാതം, തേജസ്, സിറാജ്, വർത്തമാനം എന്നിങ്ങനെ ആറു പത്രങ്ങൾ മുസ്ലീം സമുദായത്തിലെ വിവിധ ജാതികൾക്കു സ്വന്തം. മീഡിയാവൺ എന്ന വാർത്താ ചാനലും അവരുടേതാണ്. സിപിഐക്കു ജനയുഗം പത്രം. ഈഴവ സമുദായത്തിന്റേയും എസ്എൻഡിപിയുടേയും പത്രമായ കേരള കൗമുദി തിരുവനന്തപുരത്തെ ഒരു കുടുംബത്തിന്റെ ഉടമസ്ഥതയിലാണ്. അവർക്ക് ഒരു ചാനലുമുണ്ട്.
വ്യക്തമായ അജണ്ടയോടെയാണ് ഈ മാധ്യമങ്ങളെല്ലാം പ്രവർത്തിക്കുന്നത്. സ്വന്തം ബിസിനസ് എന്നതിനേക്കാൾ സ്വന്തം സമുദായത്തിന്റേയോ പാർട്ടിയുടേയോ പ്രചാരണം. ഒപ്പം സ്വന്തം വ്യവസായ ശ്രംഖലയുടെ താൽപര്യം സംരക്ഷിക്കുക. തങ്ങൾക്കനുകൂലമായി സമൂഹത്തെ ചിന്തിപ്പിക്കുക.

**സഭയുടെ മാധ്യമം**

ആതുരാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ച് മികച്ചതും ചെലവു കുറഞ്ഞതുമായ ചികിൽസയും ഉന്നത വിദ്യാഭ്യാസവും നൽകി നവഭാരത നിർമിതിക്കു മഹത്തായ സംഭാവനകൾ നൽകിയ ക്രൈസ്തവ സമുദായത്തിന് സ്വന്തം പത്രമോ ചാനലോ ഉണ്ടോ?
പ്രാർഥനാ ചാനലുകളും ആത്മീയ മാസികകളും ധാരാളമുണ്ട്. എന്നാൽ മതേതര സ്വഭാവത്തോടെ നിലകൊണ്ട് അനുദിന വാർത്തകളും വിശകലനങ്ങളും പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്ന മാധ്യമത്തിനു പ്രത്യേക സ്ഥാനമുണ്ട്. പക്ഷങ്ങൾക്കു വഴങ്ങാതെ, യഥാർഥ വിവരങ്ങൾ അനുദിനം അറിയിക്കുന്ന പത്രം. സമുദായത്തിന്റെ താൽപര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്ന പത്രം. ന്യൂനപക്ഷാവകാശം, വിദ്യാഭ്യാസ അവകാശം, വിശ്വാസ സ്വാതന്ത്ര്യം എന്നിങ്ങനെ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ഇതര സമുദായ നേതാക്കൾപോലും ആശ്രയിക്കാൻ ഇഷ്ടപ്പെടുന്ന ക്രിസ്ത്യൻ സ്ഥാപനങ്ങൾ സഭയുടെ ശുശ്രൂഷയുടെ ഭാഗമാണ്. അവയെല്ലാം സംരക്ഷിക്കപ്പെടണം.
മലയാളത്തിലെ ആദ്യ ദിനപ്പത്രമെന്ന് അറിയപ്പെടുന്ന ദീപിക കത്തോലിക്കാ സഭയുടെ മുഖപത്രമാണ്. പള്ളിപ്പത്രം, അച്ചൻ പത്രം എന്നീ പേരുകളിൽ ആക്ഷേപിക്കപ്പെടുന്ന പത്രത്തിനു കുറേ ന്യൂനതകളുണ്ട്. പലരും ആഗ്രഹിക്കുന്നയിനം സെൻസേഷണൽ വാർത്തകളുടെ പളപളപ്പില്ല. ഇക്കിളി, അശ്ലീല വാർത്തകളില്ല. പേജുകൾ കുറവ്. എല്ലാ പേജിലും ബഹുവർണങ്ങളില്ല. പരസ്യം കുറവ്. ഇതര പത്രങ്ങൾക്ക് ചെയ്യാൻ കഴിയുന്നത്രയും പകിട്ട് ദീപികയ്ക്കില്ല. അങ്ങനെ ന്യൂനതകളുള്ളതിനാൽ ഈ പത്രം നമ്മുടെ പടിക്കു പുറത്താണ്.

എല്ലാ ന്യൂനതകളും പരിഹരിച്ച് മികച്ചതാക്കിയാൽ ദീപികയെ ഇരു കൈയും നീട്ടി സ്വീകരിക്കാൻ തയാറാണെന്നു പറയുന്നവരുമുണ്ട്. അങ്ങനെയൊരു സംവിധാനം ഒരുക്കാനുള്ള സാമ്പത്തിക പിന്തുണ ആരു നൽകും.

വരിസംഖ്യയും പരസ്യവും ഉൾപ്പെടെ നല്ല വരുമാനം നൽകി നാം ഊട്ടിവളർത്തുന്നത് മറ്റു ചില മാധ്യമങ്ങളെയാണ്. വിഷമസാലകൾ വിളമ്പുന്ന മാധ്യമങ്ങളെ. അവയ്ക്കു പണം നൽകി നാം പിന്തുണയ്ക്കുമ്പോൾ അവ കൂടുതൽ കരുത്താർജിക്കും.

അത്തരമൊരു സാമ്പത്തിക പിന്തുണയില്ലാത്ത ദീപിക നിലനിൽപിനായി ക്ലേശിക്കും. പണത്തിനുവേണ്ടി എന്തും ചെയ്യുന്നതല്ല ദീപികയുടെ മാധ്യമധർമ്മം. സാമ്പത്തിക ലാഭത്തിനുവേണ്ടി സമൂഹത്തെ മലീമസമാക്കുന്ന വാർത്തകളും പരസ്യങ്ങളും നൽകാൻ ദീപിക തയാറല്ല. ദീപികയ്ക്ക് മറ്റു വ്യവസായ താൽപര്യങ്ങളുമില്ല.

മലയാളത്തിൽ ചാനൽ പ്രളയം ഉണ്ടാകുന്നതിനു വളരെ മുമ്പേ നാമൊരു ചാനൽ തുടങ്ങി. ജീവൻ ടീവി. വാർത്തകളും നല്ല വിശേഷങ്ങളും മാതൃകാരപരമായ സീരിയലുകളുമെല്ലാം ജനങ്ങളിൽ എത്തിക്കുന്നതിനാണ് ജീവൻ ടീവി തുടങ്ങിയത്. മസാല വിഭവങ്ങൾ ഇല്ലാത്തതിനാൽ പ്രേക്ഷകരില്ല, പരസ്യമില്ല, വരുമാനമില്ല. ഭീമമായ ചെലവുകൾക്കു പണം കണ്ടെത്തി നടത്തിക്കൊണ്ടുപോകാൻ ഒരു വ്യവസായിയെ ചുമതലപ്പെടുത്തി. ഇപ്പോൾ ഈ ചാനൽ അയാളുടെ കൈയിലാണ്. സഭാ വിരുദ്ധ വാർത്തകളും സദാചാര വിരുദ്ധ സീരിയലുകളും ധാരാളം നൽകുന്ന ചാനലുകളിൽ ഒന്നായി അതു മാറി.

**വേണം മാധ്യമ ജാഗ്രത.**

രണ്ടാം വത്തിക്കാൻ കൗൺസിൽ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെക്കുറിച്ചു പ്രമാണരേഖകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ വ്യക്തമായ ഒരു മാധ്യമ നയം നടപ്പാക്കാൻ നമുക്കു സാധിച്ചിട്ടില്ല. സമൂഹമാധ്യമങ്ങളെ പ്രയോജനപ്പെടുത്താനും കഴിഞ്ഞിട്ടില്ല.

സുവിശേഷ പ്രഘോഷണം നമ്മുടെയെല്ലാം ദൗത്യമാണ്. നമ്മുടെ ജീവിതത്തിലൂടേയും മാധ്യമ ദൗത്യത്തിലൂടെയും നാമതു നിർവഹിക്കണം. അശ്ലീലങ്ങളും നുണകളും നിറഞ്ഞ വാർത്തകളും സീരിയലുകളും നമ്മുടെ ചിന്തയേയും പ്രവർത്തനങ്ങളേയും സംസ്കാരത്തേയും വഴി പിഴപ്പിക്കുന്നതു ചെറുക്കണമെന്നതാണ് ആദ്യത്തെ ദൗത്യം. കുഞ്ഞുമക്കളെ വഴിപിഴപ്പിക്കുന്ന മാധ്യമങ്ങളെ നമ്മുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കണം. വിഷമാധ്യമങ്ങളെ പുറത്താക്കിയില്ലെങ്കിൽ നമ്മുടെ വരും തലമുറ വിഷലിപ്തമാകും. അതോടൊപ്പം കുടുംബാന്തരീക്ഷത്തിനു യോജിച്ച മാധ്യമങ്ങളെ വീട്ടകങ്ങളിൽ ഉറപ്പാക്കുകയും വേണം.

വെല്ലുവിളികളുടേയും അവഹേളനങ്ങളുടേയും ഈ പ്രളയത്തേയും നമുക്ക് അതിജീവിക്കണം. അതിനു സഭാസ്നേഹത്തോടേയും കൂട്ടായ്മയോടേയും സഭാമക്കൾ ജാഗ്രത പുലർത്തണം.

2018 ലെ മാധ്യമദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യാജ വാർത്തകൾക്കെതിരേ ജാഗ്രതവേണമെന്ന മുന്നറിയിപ്പാണു ലോകത്തിനു നൽകിയത്. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹ. 8:32).

സഭയുടെ ചരിത്രത്തിൽ പീഢാസഹനങ്ങൾ എന്നുമുണ്ടായിട്ടുണ്ട്. യേശു പറയുന്നു "നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കാരുടെയും സന്നിധിയിലേക്ക് നയിക്കപ്പെടും" (മത്താ. 10:18) "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെയാണ്" (മത്താ. 10:16) നാം അയയ്ക്കപ്പെടുന്നത്. എന്നാൽ യേശു നമ്മോടു പറയുന്നു: 'ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടിയുണ്ട്'.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

* വാർത്താ ചാനലുകൾ, പത്രങ്ങൾ എന്നിവയിൽനിന്നു പ്രതീക്ഷിക്കുന്ന മാധ്യമധർമം എന്താണ്?

* ഊതിപ്പെരുപ്പിച്ച വ്യാജ വാർത്തകളും സഭാവിരുദ്ധ പ്രചാരണങ്ങളും മാധ്യമങ്ങൾ പ്രചരിപ്പിക്കുതായി തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത്തരം നീക്കങ്ങളെ ചെറുക്കാൻ എന്തെല്ലാം ചെയ്യാം?

* നമ്മുടെ ചിന്താരീതിയേയും പ്രവർത്തനങ്ങളേയും സംസ്കാരത്തേയും മലീമസമാക്കുന്ന വിധത്തിൽ സ്വാധീനിക്കുന്ന മാധ്യമങ്ങൾ നമ്മുടെ കുടുംബാന്തരീക്ഷത്തിനു യോജിച്ചതാണോ? യോജിച്ചതല്ലെങ്കിൽ അവയെ ബഹിഷ്കരിക്കാനുള്ള കർമ പദ്ധതി തയാറാക്കേണ്ടതുണ്ടോ?

* ശരിയായ വാർത്തയും ദർശനവും ചിന്താശേഷിയും പ്രചരിപ്പിക്കാൻ നമുക്കും ബാധ്യതയില്ലേ? അധമ വിശേഷങ്ങൾ പ്രചരിപ്പിക്കുന്ന സമൂഹ മാധ്യമങ്ങളെ പ്രതിരോധിക്കാനും ശരിയായവ പ്രചരിപ്പിക്കാനും സമൂഹമാധ്യമ സംവിധാനം നമുക്ക് സജ്ജമാക്കേണ്ടതുണ്ടോ?

*ശരിയായ വാർത്തകളും ദർശനങ്ങളും പകരുന്ന പത്രവും വാർത്താ ചാനലും നമുക്കു വേണ്ടേ ? ഇക്കാര്യത്തിൽ എങ്ങനെ നമുക്കു കൈകോർക്കാം ?

തയാറാക്കിയത്:
**ഫ്രാങ്കോ ലൂയിസ്,**
സ്പെഷൽ കറസ്പോണ്ടന്റ്,
ദീപിക, രാഷ്ട്രദീപിക, തൃശൂർ.

# വിവിധ പള്ളികളിലെ കുർബാന സമയം

**ഹോളി ട്രിനിറ്റി കത്തീഡ്രൽ** : Sunday 6.00am, 8.30am, 11.00am, 5.00pm, Monday-Saturday 6.00am, 6.00pm On Fridays Adoration 6.00am - 6.00pm, Holy Rosary before everyday Mass

**കാരുണ്യമാതാ ചർച്ച്, കാരുണ്യ നഗർ :** Sunday 8.30am, Rosary every day at 6.30pm

**സെന്റ് ജോസഫ് മിഷൻ സെന്റർ (SITRA) :** Sunday 8.45am, Tuesday 6.30pm

**സെന്റ് പോൾസ്, പൊള്ളാച്ചി** : Sunday 6.15 am, 9.30am , Monday, Tuesday, Wednesday, Thursday, Saturday 6.15am - Friday 5.30pm, Novena, Qurbana, Adoration, Saturday 6.15am, Qurbana, Novena

**സെന്റ് എലിസബത്ത് സൂലേശ്വരംപട്ടി** : Sunday : Vadavally 6.45 am, R.S. Puram 8.30am Monday, Tuesday, Wednesday, Thursday, Saturday 6.15am, Friday 6.15pm, First Friday 6.00pm: വി. കുർബാന, ആരാധന

**സെന്റ് സെബാസ്റ്റ്യൻ, ഉക്കടം** : Sunday 6.00am, 7.30am Monday to Thursday & Saturday 6.15am Friday 5.30pm Mass & Adoration

**സെന്റ് ക്ലൊത്തിൽഡ, പോത്തന്നൂർ :** Sunday 7.00am & 9.00am, Monday to Saturday 6.15am, First Friday 6.15pm

**സെന്റ് ജോസഫ്, പൂമാർക്കറ്റ്** : Vadavally : Sunday 6.45am Poomarket : Sunday 8.30am, Monday to Saturday - 6.15am First Friday 6.00pm

**സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ** : Monday, Tuesday & Saturday 6.30am, Other days - 6.30pm Sunday 6.30am & 9.30am

**പുന്നശ്ശേരി നെസ്റ്റ്, എട്ടിമടൈ** : Sunday 7.45am

**ലൂർദ്ദ് ഫൊറോന, ഗാന്ധിപുരം** : Sunday 6.30am, 8.30am, 10.30am, 5.30pm Monday - Saturday 6.15am, Monday - Saturday 6.00pm

**ഹോളിഫാമിലി മിഷൻ സെന്റർ, ഗണപതി** : Sunday 8.00am

**ഇൻഫന്റ് ജീസ്സസ്, ഇടയാർപാളയം** : Sunday 6.00am, 8.30am; Mon, Tue, Wed, Sat - 6.15 am; All Thursdays 10.15am (Tamil), 6.00pm and Novena to Infant Jesus; All Fridays adoration 7.00am to 6.00pm; All last Thursday evening Bible Convention - 5.30pm - 9.00pm

**സെന്റ് ജോസഫ്, കൗണ്ടംപാളയം** : Sunday 6.30am, 8.00am; Monday - Saturday : 6.15am Wednesday & Friday (2nd Qurbana) : 6.30pm

**സെന്റ് ആന്റണീസ്, വിശ്വാസപുരം** : Sunday 6.30am & 8.30am, Monday, Tuesday, Wednesday 6.15am; Thursday, Friday, Saturday 6.15pm

**വി. ജോൺപോൾ മിഷൻ സെന്റർ പെരിയനായ്ക്കൻപാളയം:** Sunday 8.00am & Saturday 5.00pm

**ഗുഡ് ഷെപ്പേർഡ് ചർച്ച്, കാരമടൈ** : Sunday 8.00am - Monday to Thursday 6.30am, Friday 6.00pm,

Saturday 6.30am, Novena

**ലിറ്റിൽ ഫ്ളവർ, സായിബാബ കോളനി** : Sunday 6.15am, 8.30am,Tuesday & Friday - 6.15am & 6.00pm,

Other days 6.15am

**സെൻ്റ് തോമസ്, സൂളൂർ** : Sunday 8.00am, Tuesday - Saturday 5.30pm

**ജീവൻ ജ്യോതി മിഷൻ സെൻ്റർ, ചിന്നത്തൊട്ടിപ്പാളയം** : Sunday 7.30am, Monday to Saturday 6.30am, Wednesday 6.30pm

**മൗ കാർമ്മൽ ചർച്ച്, തിരുപ്പൂർ** : Sunday 6.30am, 8.30am, Monday to Saturday 6.15am,

Adoration- Every Friday 5.45am

**സെൻ്റ് ആൻ്റണീസ്, കാങ്കയം** : Sunday 7.30am

**സെൻ്റ് ആൻ്റണീസ് മിഷൻ സെൻ്റർ, ചെന്നിമലൈ** : Sunday 8.00am

Monday, Wednesday to Saturday 6.45am, Tuesday : 6.00pm

**സെൻ്റ് ജൂഡ് മിഷൻ സെൻ്റർ, ധാരാപുരം** : Sunday : 7.30am, Friday : 6.30pm & Saturday : 6.30am

**ലൂർദ്ദ്മാതാ ഫൊറോന, ഈറോഡ്** : Sunday8.30am - 10.30am, Monday - Friday 6.30am, Saturday 6.00pm, First Friday - 6.30pm

**സെൻ്റ് ആൻ്റണീസ് , ശാസ്ത്രീനഗർ** : Sunday 7.00am - Tuesday 6.30pm Novena, Saturday 6.30pm

**മാതാകോവിൽ, ഈറോഡ്** : Sunday 4.00pm

**സെൻ്റ് ആൻ്റണീസ് , കരൂർ** : Sunday 8.00am, Wednesday - Saturday 6.45am

**സെൻ്റ് ജോസഫ്, മേട്ടുപാളയം** : Sunday 8.30am, Monday, Tuesday, Thursday, Saturday - Adoration 5.30am & Qurbana 6.15am, Wednesday & Friday 6.00pm

**സെൻ്റ് അൽഫോൻസ മിഷൻ സെൻ്റർ, മേട്ടുപാളയം** : Sunday 6.30am

**സെൻ്റ് മേരിസ് മിഷൻ സെൻ്റർ, അന്നൂർ** : Monday to Saturday 6.15am, Sunday 7.30am

**സെൻ്റ് സെബാസ്റ്റ്യൻ, ഉദുമൽപ്പേട്ട്** : Sunday 8.00am - Monday to Saturday 6.15am; Friday 5.30pm - 6.30pm Adoration, Holy Mass 6.30pm

**സെൻ്റ് അൽഫോൻസ മിഷൻ സെൻ്റർ, പല്ലടം** : Sunday 7.00am, Tuesday & Friday 5.30pm

**സെൻ്റ് മേരീസ് മിഷൻ സെൻ്റർ, സേലം** : Weekday: Adoration - 6.00am, Holy Mass 6.30am; First Friday -6.30pm, Saturday - Holy Mass & Novena 7.00pm; Sunday Youth Mass - 7.15am; 9.30am, 11.15am; At Namakkal - 4.00pm; Every 2nd Friday Night Vigil - 6.30pm

**ക്രിസ്ത്യൻ എഞ്ചിനിയറിംഗ് കോളേജ്, ഒട്ടംചിത്ര** : Sunday 11.00am

**സെൻ്റ് അൽഫോൻസ സീറോമലബാർ മിഷൻ സെൻ്റർ, കൊടൈക്കനാൽ** : Sunday 7.30am

**ഹോളി റെഡീമർ ബസലിക്ക, പാലക്കരൈ, ട്രിച്ചി** : Sunday 7.15am

**സെൻ്റ് ജെയിംസ് ചർച്ച്, മെഴുക്കുപ്പാറ, ട്രിച്ചി** : Sunday 9.30am

**NIT, ട്രിച്ചി** : Sunday 11.30am

**സെൻ്റ് മദർ തെരേസ സീറോമലബാർ മിഷൻ സെൻ്റർ, തഞ്ചാവൂർ** : Sunday 7.00am

**സെൻ്റ് ലിറ്റിൽ ഫ്ളവർ, ദിണ്ടിഗൽ** : Sunday 7.45am

## SNIPPETS

| | | |
|---|---|---|
| 1. | Starting of the Coimbatore Mission | 29th April 1955 |
| 2. | Formation of Coimbatore Forane | Nov. 1973 |
| 3. | Erection of the Eparchy of Palghat | 20th June 1974 |
| 4. | Inauguration of the Eparchy of Palghat | 8th Sept 1974 |
| 5. | Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| 6. | Erection of the Eparchy of Ramanathapuram | 18th Jan 2010 |
| 7. | Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| 8. | Inauguration of the Ist Pastoral Council | 29th April 2010 |
| 9. | Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| 10. | Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| 11. | Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| 12. | Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| 13. | Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| 14. | Inauguration of the 2nd Pastoral Council | 11th June 2011 |
| 15. | Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| 16. | Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| 17. | Inauguration of the Mission Year | 10th Sept. 2011 |
| 18. | Inauguration of the Diocesan Website | 10th Sept. 2011 |
| 19. | Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| 20. | Erection of the Parish Udumalpet | 07 Jan. 2012 |
| 21. | Starting of the Dharapuram Mission | 4th March 2012 |
| 22. | Blessing of the Presbytery, Karamadai | 06th May 2012 |
| 23. | The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 24. | 03rd Eparchial day | 8th July 2012 |
| 25. | Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| 26. | Erection of the Parish Sulur Aero | 15th July 2012 |
| 27. | Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| 28. | Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |

29. Consecration of the Good Shepherd Church, Karamadai 20th January 2013
30. Starting of Vadavally Mission 10th February 2013
31. Starting of Ettimada Mission 17th February 2013
32. Starting of St. Alphonasa Mission, Edayarpalayam (Mettupalayam) 03rd March 2013
33. Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) 11th August 2013
34. Starting of Sowripalayam Mission 20th October 2013
35. Consecration of the St. Judes Church, Dharapuram 21st Dec. 2013
36. Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) 06th Jan 2014
37. Consecration of St. Alphonsa Church, Palladam 1st Feb 2014
38. Starting of Holy Mass at Peelamedu (Sitra) 2nd Feb 2014
39. Blessing of Presbytery, Dharapuram 23rd Feb 2014
40. Perpetual Adoration Centre at Lourde Forane Church, Gandipuram 8th Dec 2014
41. Laying foundation stone for Mother Theresa Peace Home, Tirupur 11th Apr 2015
42. Laying foundation stone for the new church at Kuniamuthur 25th Apr 2015
43. “Samarpithavarsham” at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) 14th Jun 2015
44. Laying Foundation Stone for the Community hall at “Rosary Garden” (RNM) 11th Aug 2015
45. Laying of the Foundation stones for Bishop’s house and Pastoral Centre (by Mar Paul Alappatt) 06th Nov 2015
46. Formal blessing & inauguration of St. Mary’s Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur 08th Dec 2015
47. Opening of the “Door of Divine Mercy” at Cathedral 13th Dec 2015
48. 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) 18-22nd Dec 2015
49. Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese 07th Feb 2016
50. Blessing of the first phase of the Mother Theresa Peace Home
51. Tirupur (By Bishop Paul Alappatt) 11th Feb 2016
52. Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) 23rd May 2016
53. Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt) 07-6-2016
54. Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) 09-6-2016
55. The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram 09-10-2016

| | | |
|---|---|---|
| 56. | Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| 57. | Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| 58. | First Eparchial Convention of Catholica Congress | 20-11-2016 |
| 59. | Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 60. | 4th Pastoral Council | 18-06-2017 |
| 61. | Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 62. | 8th Eparchial Day | 02-07-2017 |
| 63. | Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| 64. | Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 65. | 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| 66. | Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| 67. | Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| 68. | First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| 69. | First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| 70. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| 71. | First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |
| 72. | First Holy Mass for the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) (on Palm Sunday) | 25-3-2018 |
| 73. | First meeting of the bishop & the Holy Mass with the Syro-Malabar faithful at Thanchavoor (in the house of Mr. Babu & Mrs. Sheela, Parappully) | 03-6-2018 |
| 74. | Consecration of the renovated St. Paul’s parish church, Pollachi (by Bishop Paul Alappatt) | 01-7-2018 |
| 75. | Blessing and starting of St. Alphonsa FC convent at a rented house in Trichy | 03-7-2018 |
| 76. | Consecration of St. John Paul church, Periyanaickampalayam (by Bishop Mar Paul Alappatt) | 07-7-2018 |
| 77. | Blessing of CMC convent (Idukki province) at a temporary building in Kodaikanal | 22-7-2018 |
| 78. | Blessing and Inauguration of Mater Dei School, Pattanam, CBE. | 15-8-2018 |




സാന്തോം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ
സൗജന്യ അരിവിതരണം




ജീസ്സസ് യൂത്ത് സംഘടിപ്പിച്ച 'റൺ' എന്ന പ്രോഗാമിൽ പങ്കെടുത്തവർ




## CATECHISM FAITH FEST - 2018